# പ്രതീക്ഷയുടെ പൂമൊട്ടുകൾ

ഏലിയാ-സ്ലീവാ-മൂശെ ലക്കം 2013



പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്



ദൈവദാസൻ ബിഷപ്പ് വില്യം ജക്വീന്താ
ജന്മശതാബ്ദിവർഷം: 1914-2014

# ജീവിതവഴിയിലെ വിജയസ്തംഭം

ഏതൊരു വ്യക്തിയുടെയും ജീവിതത്തിന് മിഴിവേകുന്ന, രുചിയും ഗന്ധവും പകരുന്ന, താളവും മേളവും സമന്വയിപ്പിക്കുന്ന ഏക ചാലകശക്തി അമ്മ തന്നെയാണ്. 'അമ്മ' എന്ന രണ്ടക്ഷരം ഹൃദയത്തിലുയർത്തുന്ന ആന്ദോള നങ്ങൾക്ക് ആഴിയോളം അഗാധതയുണ്ട്. അവ ളുടെ സ്നേഹത്തിന് നേരിന്റെ നേർമ്മയുണ്ട്. അവളുടെ ചൈതന്യത്തിന് പ്രാർത്ഥനയുടെ പിൻബലമുണ്ട്. അവളുടെ അനുഗ്രഹങ്ങൾക്ക് അനുഭവങ്ങളുടെ പകർച്ചയുണ്ട്. ഭൂമിയിലെ വെറുമൊരു അമ്മയ്ക്ക് എണ്ണിയാലൊടുങ്ങാത്ത നിറവുണ്ടെങ്കിൽ ദൈവമാതാവിന്റെ പുണ്യ പൂർണ്ണതയ്ക്കു മുമ്പിൽ നമ്രശിരസ്കരായി നിൽക്കുകയേ വേണ്ടൂ.

ദൈവദാസൻ വില്യം ജക്വീൻതാ പിതാവിന് തന്റെ ജീവിതവഴിയിലെ വിജയസ്തംഭം പരി. അമ്മ തന്നെയായിരുന്നു. അദ്ദേഹം തന്റെ ഓരോ പ്രഭാതവും ആരംഭിച്ചത് പരി. രാജ്ഞി യിൽ ഭരമേല്പിച്ചുകൊണ്ടാണ്. തന്റെ ഓരോ ധ്യാനപ്രസംഗങ്ങളും പ്രഭാഷണങ്ങളും അവ സാനിപ്പിച്ചിരുന്നതും പരി. അമ്മയുടെ സവി ശേഷതകളെ വർണ്ണിച്ചുകൊണ്ടായിരുന്നു.

പരി. അമ്മയെ ധ്യാനിച്ചു ധ്യാനിച്ച് അദ്ദേഹ ത്തിന്റെ ഉള്ളിലും ഒരു 'അമ്മ ഹൃദയം' ഉറവെ ടുത്തു. ഈ അമ്മമനസാണ് അപരന്റെ വേദന കളിലേക്ക് പടർന്നുകയറുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. അതുകൊണ്ടുതന്നെയാണ് രണ്ടാം ലോകമഹായുദ്ധത്തിന്റെ കെടുതി കളിൽ ലോകം വലഞ്ഞപ്പോൾ അതിനുള്ള ശാശ്വതമായ പരിഹാരത്തിനായി അദ്ദേഹം ദൈവപിതാവിന്റെ മുമ്പിൽ നീണ്ട മണിക്കൂറു കൾ കൈവിരിച്ചത്. ഇതിനുള്ള ഉത്തരവും പരി ശുദ്ധ അമ്മതന്നെ അദ്ദേഹത്തിനു നല്കി. ദൈവത്തിന്റെ പരമാവധി സ്നേഹം ലോക ത്തിനു നല്കുക. ആശ്രയമാതാവിന്റെ ചിത്രം തന്നെ അദ്ദേഹം വരച്ചെടുത്തു. ഇതിൽ നാം ദർശിക്കുക ഉണ്ണീശോയെ ലോകത്തിന് നല്കുന്ന അമ്മയെയും, അമ്മയുടെ ഹൃദത്തി ലേക്കു വിരൽ ചൂണ്ടി മനുഷ്യകുലത്തിന്റെ ഏകാശ്രയം ഇവിടെയാണ് എന്നുറപ്പു നല്കുന്ന ഈശോയെയുമാണ്.


വിശുദ്ധിയിലേയ്ക്കുള്ള യാത്രയിലെ ഏക വഴി കാട്ടി പരി. അമ്മയാണെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. അവളാണ് നമ്മുടെ മാതൃകയും ദീപവും. ജീവിതത്തിൽ പരാജയങ്ങൾ മാത്രം ഏറ്റുവാങ്ങേണ്ടി വരുമ്പോൾ, എന്തിലും ഏതിലും എവിടെയും ഭയം നമ്മെ കീഴടക്കു മ്പോൾ ഈ കൊച്ചു ജീവിതത്തെ വിജയത്തി ലെത്തിക്കുവാൻ യഥാർത്ഥ അഭയമായ 'ആശ്ര യമാതാവ്' നമുക്കരികെയുണ്ട്.

അദ്ദേഹത്തോടൊപ്പം നമുക്കും പ്രാർത്ഥിക്കാം.

'അമ്മേ, നിന്നെ എനിക്കു കണ്ടുമുട്ടണം
നിന്നെ എനിക്കു സ്തുതിക്കണം
നിന്റെ മാറിൽ തലചായ്ച്ച് എനിക്ക് വിശ്രമി ക്കണം'

ജെനി കഴുന്നടിയിൽ

# പ്രതീക്ഷയുടെ പൂമൊട്ടുകൾ




**വാല്യം 31 ഏലിയാ, സ്ലീവാ, മൂശെ ലക്കം 2013**


***"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം"*** (1 തെസ 4,3)


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി ആൻഡ്രൂസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**സുജ ചോതിരക്കുന്നേൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ഫിലോ കുറ്റിയാത്ത് എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**



**വാർഷിക വരിസംഖ്യ -100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862**
Email: wigipress@gmail.com



**പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 0481-2578192,2309774**
**Email: psmktm@gmail.com**


## ഉള്ളടക്കം


- മിശിഹായുടെ സമാധാനം 03
- 'അരുതാത്തതിൽ' വിരിയുന്ന സ്നേഹവിസ്മയം 06
- രോഗീലേപനം സ്ലീവായുടെ വിജയാഘോഷം 09
- ആറുവയസുകാരിയുടെ ആത്മീയ ഭാവങ്ങൾ 12
- ഈ ജീവിതം എത്ര സുന്ദരം! 14
- വിശുദ്ധിയുടെ മുത്തുകൾക്ക് 16
- Family Image of Holy Trinity 18
- നോ ടെൻഷൻ 20
- അന്ത്യവിധിയിൽ മഹത്ത്വമണിയുന്ന സ്ലീവാ 20
- ചുമടുതാങ്ങികൾ 23
- നിങ്ങളും ഒരുങ്ങിയിരിക്കുവിൻ 25
- വിശ്വാസം നമ്മുടെ ആജീവനാന്തസഹചാരി 27
- സസ്നേഹം...നിനക്ക്... 29
- വഴി തെറ്റുന്നവർ 32

**എഡിറ്റോറിയൽ**

# അനശ്വരതയുടെ ലോകം

**മി**ശിഹായുടെ രണ്ടാം ആഗമനവും അന്ത്യവിധിയും സ്ലീവായുടെ ശക്തിയും വിജയവുമെല്ലാം ധ്യാനവിഷയമാക്കുന്ന ഏലിയാ-സ്ലീവാ-മൂശക്കാലങ്ങളിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. നശ്വരതയുടെ ഈ ലോകത്തുനിന്നും അനശ്വരതയുടെ രാജ്യത്തിലേക്ക് കടക്കേണ്ടവരാണ് നാം. ആവർത്തിക്കുന്ന പ്രകൃതിദുരന്തങ്ങളും മറ്റും ഈലോകജീവിതത്തിന്റെ നൈമിഷികതയെക്കുറിച്ച് നമ്മെ ഓർമ്മപ്പെടുത്തുന്നു. ശാശ്വതമായ സുഖവും സന്തോഷവും സമാധാനവും തരുവാൻ ഈ ലോകത്തിനു സാധിക്കില്ല. ഈ ഭൂമിയിൽ എന്തെല്ലാം നേടിയാലും ഇവിടെനിന്നും യാത്രയാകുമ്പോൾ നമ്മുടെ കൂടെയുണ്ടാവുക ജീവിതകാലത്ത് നാം ചെയ്ത സുകൃതങ്ങൾ മാത്രമാകും. "ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം?" (മത്താ 16,26) എന്ന ഗുരുമൊഴി ഇവിടെ സ്മരണീയമാണ്. യഥാർത്ഥമായ, നിത്യമായ വസതിയൊരുക്കി അവിടുന്നു നമ്മെ കാത്തിരിക്കുന്നു. ആ സ്വർഗ്ഗീയഗേഹത്തിൽ ചെന്നെത്തുക എന്ന ലക്ഷ്യത്തോടെ ഈ ലോകജീവിതം ക്രമീകരിക്കേണ്ടതുണ്ട്. ദൈവത്തിന്റെ മുന്തിരിത്തോപ്പിലെ വിശ്വസ്തരായ വേലക്കാരായി, നമുക്കു ലഭിച്ചിരിക്കുന്ന സാഹചര്യങ്ങളിൽ ദൈവഹിതമനുസരിച്ച് ജീവിതം നയിക്കുവാൻ നമുക്കു പരിശ്രമിക്കാം. ഇവിടെ നമുക്കനുഭവപ്പെടുന്ന ക്ലേശങ്ങളോടും ബുദ്ധിമുട്ടുകളോടും പൊരുതുവാൻ നമുക്കു ലഭിച്ചിരിക്കുന്ന ആയുധം സ്ലീവായാണ്. താല്ക്കാലികമായ പരാജയങ്ങൾ നേരിടേണ്ടി വന്നാലും അന്തിമമായ വിജയം സ്ലീവായിലാണ്. സ്ലീവായുടെ ശക്തിയിലും മഹത്ത്വത്തിലും ഉറച്ചുവിശ്വസിച്ചുകൊണ്ട്, അനശ്വരതയുടെ ലോകത്തിലേക്ക് ദൃഷ്ടികൾ ഉറപ്പിച്ച് നമുക്കു മുന്നോട്ടുനീങ്ങാം.

**ചീഫ് എഡിറ്റർ**

സെനക്കിൾ ആദ്ധ്യാത്മികത - 14



# മിശിഹായുടെ സമാധാനം

മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ

ദൈവം മിശിഹായിലൂടെ മനുഷ്യകുലത്തിനു നല്കിയ ഏറ്റം വലിയ സമ്മാനമാണ് സമാധാനം. മിശിഹായുടെ ജനനത്തിൽ ഈ സമാധാനം പ്രഖ്യാപിക്കപ്പെട്ടു: “അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി ഭൂമിയിൽ മനുഷ്യർക്ക് സമാധാനവും പ്രത്യാശയും” (ലൂക്കാ 2,14). ഈശോ ശിഷ്യരോടു യാത്ര പറയുന്ന സന്ദർഭത്തിൽ അവർക്ക് കൊടുത്തിട്ടു പോകുന്നതും തന്റെ സമാധാനമാണ്: “ഞാൻ നിങ്ങൾക്കു സമാധാനം തന്നിട്ടുപോകുന്നു” (യോഹ 14,27). ഉത്ഥിതനായ മിശിഹാ ശിഷ്യർക്കു പ്രത്യക്ഷപ്പെടുമ്പോൾ അവർക്കു നല്കുന്നതും അവിടുത്തെ സമാധാനമാണ്: “ഈശോ വന്ന് അവരുടെ നടുവിൽനിന്നുകൊണ്ട് അരുൾച്ചെയ്തു: ‘സമാധാനം നിങ്ങളോടുകൂടെ” (യോഹ 20,19-20). തന്റെ രക്ഷാകരപ്രവർത്തനത്തിന്റെ ആത്യന്തികഫലം ‘സമാധാന’മാണെന്ന് ഈശോ ഇതിലൂടെ വ്യക്തമാക്കുകയാണ്. ജീവിതാന്ത്യത്തിൽ, തന്റെ ജീവിതപങ്കാളികളായ ശിഷ്യന്മാർക്ക് കൊടുത്തിട്ടു പോകുവാൻ അവിടുത്തേക്ക് മറ്റൊന്നുമുണ്ടായിരുന്നില്ല. ഈശോയുടെ സമ്മാനം ഒന്നുമാത്രം - അവിടുത്തെ സമാധാനം!

### രക്ഷാകരസമാധാനം

ഈശോ നല്കുന്ന സമാധാനം യുദ്ധമില്ലായ്മയുടെ സമാധാനമല്ല. ലോകവുമായി യുദ്ധംചെയ്ത് അതിനെ കീഴ്പ്പെടുത്തിയാണ് ഈശോ ശിഷ്യർക്കായി ഈ സമാധാനം നേടിയത്: “നിങ്ങൾ എന്നിൽ സമാധാനം കണ്ടെത്തേണ്ടതിനാണ് ഞാൻ ഇതു നിങ്ങളോടു പറഞ്ഞത്. ലോകത്തിൽ നിങ്ങൾക്ക് ഞെരുക്കമുണ്ടാകും. എങ്കിലും ധൈര്യമായിരിക്കുവിൻ; ഞാൻ ലോകത്തെ കീഴ്പ്പെടുത്തിയിരിക്കുന്നു”

(യോഹ 16,33). അസ്വസ്തതയും പിരിമുറുക്കവുമില്ലാത്ത വെറുമൊരു മാനസികാവസ്ഥയല്ല ഈ സമാധാനം. ഇത് മനുഷ്യരക്ഷയാകുന്ന സമാധാനമാണ്. മനുഷ്യകുലത്തിന് അവിടുന്ന് നല്കാൻവന്ന 'ജീവൻ' തന്നെയാണ് ഈ സമാധാനം: "ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ്" (യോഹ 10,10). 'എന്റെ സമാധാനം' എന്നിവിടെ പറയുന്നത് 'എന്റെ സന്തോഷം' എന്ന് ഈശോ വിശേഷിപ്പിക്കുന്ന രക്ഷാകരാനുഭവംതന്നെയാണ് (യോഹ 15,11; 17,13).

**അരൂപിയിലുള്ള സമാധാനം**

ഈശോയുടെ രക്ഷാകരപ്രവർത്തനത്തിന്റെ ഫലമായി മനുഷ്യകുലത്തിനു ലഭിച്ച ഏറ്റം വലിയ സമ്മാനം പരിശുദ്ധാത്മാവാണ്. ആദിമാതാപിതാക്കളുടെ പാപത്തിന്റെ ഫലമായി നഷ്ടപ്പെട്ട ദൈവാരൂപിയെ വീണ്ടെടുക്കുക എന്നതായിരുന്നല്ലോ ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ ലക്ഷ്യം. പീഡാനുഭവത്തിലൂടെയും മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും പൂർത്തീകരിക്കപ്പെട്ട ഈശോമിശിഹായുടെ മഹത്ത്വീകരണത്തിനു ശേഷമേ നഷ്ടപ്പെട്ട ദൈവാരൂപിയെ വീണ്ടെടുക്കാൻ മനുഷ്യകുലത്തിനു സാധിക്കുകയുള്ളു എന്ന് വി.



യോഹന്നാന്റെ സുവിശേഷം വ്യക്തമാക്കുന്നുണ്ട്: "അതുവരെയും ആത്മാവു നല്കപ്പെട്ടിട്ടില്ലായിരുന്നു. എന്തെന്നാൽ, ഈശോ അതുവരെയും മഹത്ത്വീകരിക്കപ്പെട്ടിരുന്നില്ല" (യോഹ 7,39). തന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവിന്റെ പ്രബോധനത്തെപ്പറ്റി പറയുന്നതിനെത്തുടർന്നാണ് ഈശോ തന്റെ സമാധാനം നല്കുന്നതിനെപ്പറ്റി പറയുന്നത്. ദൈവാരൂപിയുടെ പ്രബോധനത്തിനു വിധേയപ്പെട്ട് വിശ്വാസത്തോടെ ജീവിക്കുന്നതിൽനിന്നുമുളവാകുന്ന സമാധാനമാണ് ഈശോ ശിഷ്യർക്കു നല്കുന്ന സമാധാനം. അരൂപിയുടെ പ്രബോധനവിഷയം ഈശോയുടെ വാക്കുകളാണ്: "പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും" (യോഹ 14,26). ഇപ്രകാരം അരൂപിയിലുള്ള വിശ്വാസജീവിതത്തിൽനിന്നുളവാകുന്നതാണ് ഈശോ നല്കുന്ന സമാധാനം.

**സഹനത്തെ അതിജീവിക്കുന്ന സമാധാനം**

ഈശോയുടെ സമാധാനം സഹനങ്ങളെയും ബുദ്ധിമുട്ടുകളെയും ഒഴിവാക്കുന്നതിൽനിന്നുമുളവാകുന്ന ഒന്നല്ല; അവയെയെല്ലാം അതിജീവിക്കുന്ന അഥവാ വിജയിക്കുന്ന ഒന്നാണ്. അവിടുത്തെ വേർപാട് ശിഷ്യരുടെ ഹൃദയത്തെ അസ്വസ്ഥമാക്കിയ സന്ദർഭത്തിലാണ് ഈ സമാധാനത്തെപ്പറ്റി ഈശോ ശിഷ്യരോടു പറയുന്നത്: "നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ. നിങ്ങൾ ഭയപ്പെടുകയും വേണ്ടാ" (യോഹ 14,27). ഈശോയുടെ ശാരീരികമായ വേർപാട് സ്വാഭാവികമായും ശിഷ്യർക്ക് വേദനയുളവാക്കിയിട്ടുണ്ടാവും. എന്നാൽ, ഈ വേർപാട് തന്റെ പിതാവിന്റെ മഹത്ത്വത്തിലേക്കുള്ള പ്രവേശനമാണെന്ന് അവർ മനസ്സിലാക്കിയിരുന്നെങ്കിൽ അവർ അതിൽ സന്തോഷിക്കുമായിരുന്നു എന്നാണ് ഈശോ പറയുന്നത് (14,28). ഈശോയിലുള്ള വിശ്വാസത്തിന്റെ വെളിച്ചത്തിൽ ജീവിക്കുന്നവർക്ക്, ഈശോയെ സ്നേഹിക്കുന്നവർക്ക്, ഈ

ലോകത്തിലെ സഹനങ്ങളുടെയും മരണത്തിന്റെയും അർത്ഥം മനസ്സിലാക്കുവാൻ കഴിയും. അവയെല്ലാം പിതാവിന്റെ മഹത്ത്വത്തിലേക്കുള്ള യാത്രയുടെ ചവിട്ടുപടികളാണ് എന്ന് മനസ്സിലാക്കുവാൻ പരിശുദ്ധാത്മാവ് അവരെ സഹായിക്കും. അതിന്റെ ഫലമായി സഹനങ്ങളുടെ മദ്ധ്യേ സമാധാനം നഷ്ടപ്പെടാതെ ജീവിക്കുവാൻ അവർക്കു കഴിയും.

**സ്നേഹത്തെ വെളിപ്പെടുത്തുന്ന സമാധാനം**

തന്റെ സമാധാനമാണ് ഈശോ ശിഷ്യർക്കു നല്കുന്നത്. തന്റെ സഹനത്തിലും മരണത്തിലും ഈശോ അനുഭവിച്ച സമാധാനമാണ് അത്. ഇത് സാദ്ധ്യമാക്കിത്തീർത്തത് അതിന്റെ പിന്നിൽ പ്രവർത്തനനിരതമായ സ്നേഹമാണ്. തന്റെ പിതാവിനോടുള്ള സ്നേഹമാണ് പിതാവിന്റെ ഹിതപ്രകാരം മനുഷ്യനായി അവതരിക്കുവാനും മാനുഷികസഹനങ്ങൾക്കും മരണത്തിനും സ്വയം വിധേയനാകുവാനും ഈശോയെ പ്രേരിപ്പിച്ചത്: “ഞാൻ പിതാവിനെ സ്നേഹിക്കുന്നുവെന്നും അവിടുന്ന് എന്നോടു കല്പിച്ചതുപോലെ ഞാൻ പ്രവർത്തിക്കുന്നുവെന്നും ലോകം അറിയണം” (യോഹ 14,31). അതുപോലെതന്നെ മനുഷ്യരോടുള്ള അവിടുത്തെ സ്നേഹമാണ് അവർക്കുവേണ്ടി തന്റെ ജീവൻ അർപ്പിക്കുവാൻ ഈശോയെ പ്രേരിപ്പിച്ചത്. ഈ ദൈവികമായ, രക്ഷാകരമായ, സ്നേഹത്തിന്റെ പൂർണ്ണമായ വെളിപ്പെടുത്തലായിരുന്നു കുരിശ്. അതുകൊണ്ടായിരിക്കാം ഈശോ, “ഞാൻ ഭൂമിയിൽ നിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്കാകർഷിക്കും” (യോഹ 12,32) എന്നു പറഞ്ഞത്. സഹനത്തിലും മരണത്തിലും ഈശോ അനുഭവിച്ച സമാധാനം ദൈവത്തിന്റെ രക്ഷാകരമായ സ്നേഹത്തെ വെളിപ്പെടുത്തുന്നതായിരുന്നു. അതുപോലെ ഈശോയിൽ വിശ്വസിക്കുന്നവരും സഹനമദ്ധ്യേ അനുഭവിക്കുന്ന സമാധാനം ദൈവസ്നേഹത്തെ ലോകത്തിനു വെളിപ്പെടുത്തും.

**ആരാധനക്രമവത്സരം**

*ആണ്ടുവട്ടത്തിൽ വിവിധകാലങ്ങളിലൂടെ മിശിഹായുടെ രക്ഷാകരരഹസ്യങ്ങൾ മുഴുവനും അനുഭവവേദ്യമാക്കിക്കൊണ്ട് സഭാതനയരുടെ സ്വർഗ്ഗോന്മുഖതീർത്ഥാടനം വിജയപ്രദമാക്കുവാൻ സഭാമാതാവ് സംവിധാനം ചെയ്തിരിക്കുന്നതാണ് ആരാധനക്രമവത്സരം. ഈശോമിശിഹായിൽ പൂർത്തിയാക്കപ്പെട്ട ദൈവത്തിന്റെ രക്ഷാകരപദ്ധതിയിലെ പ്രധാനസംഭവങ്ങളെ കേന്ദ്രീകരിച്ചുള്ളതാണ് പൗരസ്ത്യസുറിയാനിസഭയിലെ ആരാധനാവത്സരം. 9 ആരാധനാകാലങ്ങളായാണ് പൗരസ്ത്യസുറിയാനിസഭയിലെ ആരാധനാവത്സരത്തെ വിഭജിച്ചിരിക്കുന്നത്. ഓരോ കാലത്തിന്റെയും ചൈതന്യമനുസരിച്ചുള്ള ജീവിതംവഴി സഭാമക്കൾക്ക് മിശിഹായെ അനുഭവിക്കുന്നതിനും തങ്ങളുടെ ജീവിതത്തെ വിശുദ്ധീകരിക്കുന്നതിനും സാധിക്കുന്നു. മറ്റ് തിരുനാളാഘോഷങ്ങളും ഭക്താനുഷ്ഠാനങ്ങളും നോമ്പാചരണങ്ങളുമെല്ലാം ഈ മിശിഹാനുഭവത്തിലേക്കു നമ്മെ നയിക്കുന്നതാവണം.* ⏩

പ്രതീക്ഷയുടെ
പൂമൊട്ടുകൾ

'നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത്'' (ജറെ 29,11). ദൈവവചനവും, ജീവിതാനുഭവങ്ങളും കൂട്ടി വായിക്കുമ്പോഴാണ് തമ്പുരാന്റെ വചനങ്ങളുടെ ആന്തരികത നമുക്ക് മനസ്സിലാവുക. ജീവിതത്തെക്കുറിച്ചുള്ള മനോഹര പദ്ധതികൾ നെയ്തുകൂട്ടി മുമ്പോട്ട് പോകുമ്പോഴാണ് അവിചാരിതമായി നാം 'അരുതാത്ത'തെന്ന് വിധിയെഴുതുന്നവയുടെ കടന്നു വരവ്... ഈ 'അരുതാത്ത'വയിൽ അവന്റെ സ്നേഹവും, 'ക്ഷേമത്തിന്റെ പദ്ധതിയും കാണാനായാൽ' നാം വിജയിച്ചു.

ഹാരാനിൽ തന്റെ ഭാര്യയോടും സഹോദരപുത്രനോടും കൂടി സമാധാനത്തിൽ കഴിയുകയായിരുന്നു അബ്രാഹം. അവിടെ കർത്താവിന്റെ സ്വരം അദ്ദേഹം കേട്ടു. ദേശത്തെയും പിതൃഗൃഹത്തേയും വിടാനുള്ള അവിടുത്തെ ആജ്ഞ. എന്തിന് എന്നദ്ദേഹം ചോദ്യമുന്നയിച്ചില്ല. വാർദ്ധക്യത്തിൽ നല്കിയ വാഗ്ദാന പുത്രനെ ബലിയായി ആവശ്യപ്പെട്ടപ്പോഴും അദ്ദേഹത്തിനു മറു ചോദ്യമില്ലായിരുന്നു (ഉൽ 22,1-12). കൊല്ലാനന്വേഷിക്കുന്നവരിൽനിന്നും ഓടി രക്ഷപ്പെട്ടതായിരുന്നു അവൻ. ആരെ ഭയന്നാണോ അവൻ നാടുവിട്ടത് അവരുടെ മുന്നിലേയ്ക്ക് വീണ്ടും അവനെ അവിടുന്ന്



ജോസഫും കുടുംബവും

# 'അരുതാത്തതിൽ' വിരിയുന്ന സ്നേഹവിസ്മയം

**ജിസ കൂട്ടിയാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

തള്ളിയിട്ടു. കുതറിയോടാൻ വെമ്പിയപ്പോൾ, തന്നോടു ചേർത്ത് നിർത്തി തന്റെ ഹൃദയത്തിലെ സ്നേഹവിസ്മയം അവനെ കാണിച്ചു (പുറ. 4,1-9). സഹനത്തിന്റെ നെരിപ്പോടിൽ ദൈവത്തിന് തന്നെക്കുറിച്ചുള്ള ക്ഷേമത്തിന്റെ പദ്ധതി കാണുന്ന ജോബ് (ജോബ് 1,21-22). ജീവിതം മുഴുവൻ ദൈവസന്നിധിയിൽ സമർപ്പിച്ച നസ്രത്തിലെ കന്യക. മനുഷ്യബുദ്ധിക്ക് അഗ്രാഹ്യമായ തമ്പുരാന്റെ പദ്ധതിക്ക് മുമ്പിൽ അവൾ ആമ്മേൻ പറഞ്ഞു (ലൂക്കാ 1,38). ക്രിസ്ത്യാനികളെന്ന് വിളിക്കപ്പെട്ടവരുടെ തലയെടുക്കാൻ പുറപ്പെട്ടവൻ, ക്രിസ്ത്യാനിയെന്ന പേരിനാൽതന്നെ സ്വന്തം ശിരസ്സ് വെട്ടപ്പെടാനായി വച്ചുകൊടുക്കുന്നു (അപ്പ 9,1-9).

തങ്ങളുടെ പദ്ധതികൾക്കപ്പുറം ദൈവത്തിന്റെ തിരുമനസ്സിന് മറുപടി കൊടുത്തവരുടെ ഒരു നീണ്ടനിര... അതത്രേ നാം തിരുവചനത്തിലുടനീളം കാണുക.

അനുയാത്ര ചെയ്യുന്ന ദൈവസ്നേഹത്തിന്റെ നനുത്ത വിരൽസ്പർശം അനുഭവിച്ചറിയാൻ കഴിയുമ്പോഴാണ് നമ്മുടെ വിശ്വാസജീവിതം പക്വതയുടെ പാതയിലൂടെ നീങ്ങുക. ജീവിതത്തിൽ മണൽക്കാറ്റുകൾ ആഞ്ഞടിച്ച് മുന്നോട്ടുള്ള വഴി കാണാതെ ഉഴലുമ്പോൾ... അവിടുന്നെന്നെ തോളിൽ വഹിച്ചിരിക്കുകയാണെന്ന് കാണാനുള്ള ഉൾക്കണ്ണുകളുടെ കാഴ്ച തെളിയുമ്പോൾ നമ്മുടെ വിശ്വാസജീവിതം പൂർണ്ണതയുടെ പാതയിലാണ്.

"ദൈവമുണ്ടെന്ന് തിരിച്ചറിഞ്ഞതിനു ശേഷം അവിടുത്തേയ്ക്കുവേണ്ടി മാത്രമായി ജീവിക്കാതിരിക്കാൻ എനിക്കു സാധിക്കുമായിരുന്നില്ല" എന്ന വി. ചാൾസ് ഡെ ഫുക്കോർഡിന്റെ വാക്കുകൾ ദൈവസ്നേഹാനുഭവത്തിന്റെ മുമ്പിൽ അദ്ദേഹത്തിന്റെ വിശ്വാസജീവിതത്തിന്റെ മറുപടിയായിരുന്നു. ഇതേ വാക്കുകൾ അന്വർത്ഥമാക്കുമാറ്, ദൈവത്തിന്റെ സ്നേഹത്തെ ജീവിതത്തിലൂടെ പ്രഘോഷിക്കുകയാണ് പുന്നപ്രക്കാരൻ ജോസഫ് എസ്. തയ്യിൽ എന്ന ശശിയും കുടുംബാംഗങ്ങളും.

ആലപ്പുഴയിൽ ഹൈന്ദവ മാതാപിതാക്കളുടെ അഞ്ചു മക്കളിൽ 3-ാമനായിട്ടായിരുന്നു അദ്ദേഹത്തിന്റെ ജനനം. തന്റെ പിതാവിനെപ്പോലെ തികഞ്ഞ കൃഷ്ണ ഭക്തൻ. ചെറുപ്പം മുതൽ തന്നെ ശാന്തസ്വഭാവത്തിനുടമ. 1988-ൽ തന്റെ മതത്തിൽനിന്നും തന്നെ ഒരു പെൺകുട്ടിയെ ജീവിതപങ്കാളിയാക്കി. ഈ സമയത്ത് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എന്ന പൊതുമേഖല സ്ഥാപനത്തിൽ ജോലി ചെയ്തിരുന്നു.

ശാന്തമായി ജീവിതം മുന്നോട്ടു പോകുമ്പോഴായിരുന്നു 1996-ൽ ദൈവത്തിന്റെ 'സ്നേഹത്തന്റെ ഇടപെടൽ'. ഇരട്ടകളായി ജനിച്ച മക്കൾക്ക് ഏഴുവയസ്സായപ്പോൾ ഒരാൾക്ക് കലശലായ പനി. ദേഹത്ത് ചെറിയ പാടുകൾ. ആലപ്പുഴ മെഡിക്കൽ കോളേജിൽ കുഞ്ഞിനെ പരിശോധനയ്ക്ക് വിധേയനാക്കി. മൈലോയിഡ് ലുക്കിമിയ ആണ്. ഇതിന് മരുന്നില്ല. ഡോക്ടറുടെ മറുപടി അന്തിമമായിരുന്നു.

ജീവിതത്തിൽ കെട്ടിയുയർത്തിയ എന്തെല്ലാമോ തകർന്നുടഞ്ഞ അവസ്ഥ. എന്താണെന്ന് ചെയ്യേണ്ടതെന്ന് അറിയില്ല. എങ്കിലും കിട്ടിയ അറിവെല്ലാം വച്ച് തിരുവനന്തപുരം ക്യാൻസർ സെന്ററിൽ പോകാൻ തീരുമാനിച്ചു. പോകാനായി തയ്യാറെടുക്കുന്ന വേളയിൽ അദ്ദേഹത്തിന്റെ ഭാര്യാ സഹോദരിയുടെ ചെവികളിൽ ഒരു സ്വരം മുഴങ്ങുന്നതുപോലെ തോന്നി. "ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടെയുണ്ട്." എന്തോ ഒരു നിയോഗം പോലെ ആ സഹോദരി അവിടെ കിടന്ന ഒരു പത്രത്തിലെ ഉപകാരസ്മരണയിൽ വരുന്ന ഈശോയുടെ ചിത്രമെടുത്ത് ഭിത്തിയിലൊട്ടിച്ചു പ്രാർത്ഥിച്ചു. കുട്ടിക്ക് ക്യാൻസർ ആണെന്ന് അറിവില്ലാതിരുന്ന ആ സഹോദരി ആശുപത്രിയിൽ നിന്നും തിരിച്ചു പോരുന്ന വഴി പോട്ടാ ധ്യാനകേന്ദ്രത്തിൽ ഇറങ്ങണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ഈ ധ്യാനകേന്ദ്രം എവിടെയാണന്നോ, അവിടെ എന്താണ് നടക്കുന്ന

## പ്രതീക്ഷയുടെ പൂമൊട്ടുകൾ

തെന്നോ അവർക്ക് അറിവുണ്ടായിരുന്നില്ല. ഒരു 'വഴിപാട്' കഴിക്കാൻ എന്നേ അവർ ചിന്തിച്ചിരുന്നുള്ളൂ.

തിരുവനന്തപുരത്തെത്തിയപ്പോഴും ഡോക്ടറുടെ മറുപടിക്ക് മാറ്റമില്ല. കുട്ടിയ്ക്ക് അക്യൂട്ട് ലിംഫോമിക് ലുക്കീമിയ ആണ്. രോഗം ഭേദപ്പെടുമെന്ന് യാതൊരു ഉറപ്പുമില്ല. എങ്കിലും ചികിത്സ തുടങ്ങി. കീമോതെറാപ്പിയുടെ അനന്തരഫലങ്ങൾ അവനെ ബാധിച്ചു. ഒപ്പം മറ്റു പല അസുഖങ്ങളും. ചികിത്സ നീളുന്നതിനാൽ തിരുവനന്തപുരത്തേയ്ക്ക് ട്രാൻസ്ഫർ ചോദിച്ച് അവിടെ താമസമാക്കി. അങ്ങനെ ചികിത്സയും, പ്രാർത്ഥനയും വഴിപാടുമായി 6 മാസം...

അങ്ങനെയിരിക്കെ ആലപ്പുഴയ്ക്ക് തിരിച്ചു പോകാനും കുടുംബാംഗങ്ങളെ കാണാനും എല്ലാവർക്കും ആഗ്രഹം. ഈ യാത്രയ്ക്കിടെ പോട്ടയിലിറങ്ങാനും തീരുമാനിച്ചു. പെട്ടെന്ന് തിരിച്ചു പോരാമെന്ന ചിന്തയോടെ അവിടെ ചെന്നപ്പോഴാണ് 5 ദിവസം അവിടെ താമസിക്കണം എന്നറിഞ്ഞത്. രോഗികൾക്കായി പ്രത്യേക താമസ സൗകര്യം ലഭിക്കും എന്ന പ്രതീക്ഷയും അസ്ഥാനത്തായി. പുരുഷൻമാർക്കും, സ്ത്രീകൾക്കും, കുട്ടികൾക്കുമായി പ്രത്യേകം താമസസ്ഥലം. ആളുകൂടുന്നിടത്ത് കുഞ്ഞിനെ കൊണ്ടു പോകരുതെന്ന ഡോക്ടറുടെ താക്കീത് മനസ്സിൽ മുഴങ്ങി. എങ്ങനെയെങ്കിലും കുഞ്ഞ് സുഖപ്പെടണമെന്ന അതിയായ ആഗ്രഹം മറുവശത്ത്. രണ്ടും കല്പ്പിച്ച് ധ്യാനം കൂടാൻ തീരുമാനിച്ചു. ആദ്യ ദിനം ഒന്നും മനസ്സിലായില്ല. എങ്ങനെ അഞ്ച് ദിവസം മുമ്പോട്ടുകൊണ്ടുപോകും എന്ന അസ്വസ്ഥത. എന്നാൽ രണ്ടാം ദിവസം പാപത്തെക്കുറിച്ചും, മാനസാന്തരത്തെക്കുറിച്ചുമുള്ള ക്ലാസ്സുകൾ കേട്ടപ്പോൾ മുതൽ ചിന്തിക്കാൻ തുടങ്ങി. റവ. ഫാ. ജോർജ് പനയ്ക്കലിന്റെ വ്യാഖ്യാനങ്ങളിൽ യാഥാർത്ഥ്യമുള്ളതായി തോന്നി. ഏതായാലും 5 ദിവസത്തിനു ശേഷം പരസ്പരം കാണുമ്പോൾ താനും കുടുംബവും വിശ്വാസത്തിന്റെ വഴിയിലൂടെ യാത്രചെയ്ത് തുടങ്ങിയിരുന്നു എന്നദ്ദേഹം ഓർമ്മിക്കുന്നു.

ആലപ്പുഴയിൽ ഭാര്യയുടെ അച്ഛന്റെ മരണവാർഷികത്തിന്റെ ചടങ്ങുകൾ നടക്കുകയായിരുന്നു. ഹിന്ദു ആചാരപ്രകാരമുള്ള കർമ്മങ്ങളിൽ പങ്കുചേരുന്നില്ല എന്ന് തീരുമാനിച്ചു. ആ തീരുമാനത്തെ ആരും എതിർത്തില്ല. രോഗാവസ്ഥയിൽ നിന്നും എങ്ങനെയെങ്കിലും കരകയറട്ടെ എന്ന ചിന്തയായിരുന്നിരിക്കണം എല്ലാവർക്കും. ഏതായാലും സ്വന്തം വീട്ടിലെത്തിയ ഉടനെ അവർ അവിടെയുണ്ടായിരുന്ന വിഗ്രഹങ്ങളും തകിടുകളും എല്ലാം ഒരു ചാക്കിൽ കെട്ടി തിരുവല്ലം പാലത്തിൽ നിന്നും താഴേയ്ക്കിട്ടു. എന്നിട്ട് ഈശോയുടെ ഒരു ചിത്രം ആ സ്ഥാനത്ത് വച്ചു. അറിയാവുന്ന പ്രാർത്ഥനകളെല്ലാം ചൊല്ലിത്തുടങ്ങി. അന്ന് തങ്ങൾക്ക് പ്രാർത്ഥിക്കാൻ അറിയില്ലായിരുന്നു എന്ന് അദ്ദേഹം തന്നെ പറയുന്നു. നിർഭാഗ്യമെന്ന് പറയട്ടെ ആ ദിനങ്ങളിൽ കുഞ്ഞിന് വീണ്ടും അസുഖം കൂടി. ആദ്യത്തേതിനെക്കാൾ ഭയാനകമായ അവസ്ഥ.... (തുടരും)

### ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ

ഏലിയാ-സ്ലീവാക്കാലവും മൂശക്കാലവും രണ്ട് കാലങ്ങളായാണ് പൗരസ്ത്യ സുറിയാനിസഭയിലെ ആരാധനാവത്സരത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. എന്നാൽ ഇവ വളരെ ബന്ധപ്പെട്ടാണ് കിടക്കുന്നത്. ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ കുരിശിന്റെ വിജയവും കർത്താവിന്റെ രണ്ടാമത്തെ ആഗമനവും സൂചിപ്പിക്കുന്നു. സെപ്റ്റംബർ 14-ാം തീയതി ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയാണ് ഈ കാലഘട്ടത്തിന്റെ കേന്ദ്രബിന്ദു.



# രോഗീലേപനം : സ്ലീവായുടെ വിജയാഘോഷം

ഡോ. തോമസ് പൂവത്താനിക്കുന്നേൽ
കാഞ്ഞിരപ്പള്ളി

ഏലിയാ-സ്ലീവാ കാലത്തിന്റെ കേന്ദ്രമായി നില്ക്കുന്നത് മാർസ്ലീവായുടെ പുകഴ്ചയാണ്. മാർ സ്ലീവായുടെ പുകഴ്ചയാണ് മാർ സ്ലീവായുടെ വിജയവും ശക്തിയും പ്രഘോഷിക്കുക എന്നത് ഈ കാലത്തിന്റെ പ്രത്യേകതയാണ്. യാമപ്രാർത്ഥനകൾ സ്ലീവായുടെ മഹത്വത്തെയും രക്ഷാചരിത്രത്തിലെ അതിന്റെ പങ്കിനെയും പ്രകീർത്തിക്കുകയും പ്രകാശിതമാക്കുകയും ചെയ്യുന്നുണ്ട്. യുഗാന്ത്യത്തിൽ പ്രത്യക്ഷനാകുന്ന മനുഷ്യപുത്രന്റെ അടയാളമാണ് (മത്താ 24: 30) മാർ സ്ലീവാ എന്ന വിശ്വാസം ഇതിനെ പ്രത്യാശയുടെ അടയാളമാക്കിയിരിക്കുന്നു.

## സ്ലീവാ ക്രൈസ്തവ ജീവിതത്തിൽ

മനുഷ്യന്റെ ജനനംമുതൽ സ്ലീവാ അവന് വിശുദ്ധീകരണമാർഗ്ഗവും ജീവിതത്തിൽ മാർഗ്ഗദർശിയും സഹനങ്ങളിൽ ശക്തിയും പ്രത്യാശയ്ക്ക് ഉറവിടവുമായി പ്രശോഭിക്കുന്നു. പ്രാർത്ഥനയുടെ പ്രാഗ്‌രൂപമായി കുരിശുവരയ്ക്കുന്നു. ക്രൈസ്തവനെ ആശീർവദിക്കുന്നതും മുദ്രചെയ്യുന്നതും സ്ലീവായുടെ അടയാളത്താലാണ്. ദൈവാലയങ്ങൾക്കു മുകളിലും മുമ്പിലും സ്ലീവാകൾ സ്ഥാപിക്കുന്നു. അൾത്താരയിലും കല്ലറകളിലും ഇതു സ്ഥാപിക്കുന്നു. പരിശുദ്ധ കുർബാനയിൽ സ്ലീവാ നമുക്കെന്നും

ശക്തിയുള്ള കോട്ടയാണെന്നും നന്മകളുടെ ഉറവിടമാണെന്നും പറയുന്നു. മനുഷ്യകുലം രക്ഷിക്കപ്പെട്ടത് സ്ലീവാവഴിയാണ്. "യഹൂദർക്ക് ഇടർച്ചയും വിജാതിയർക്ക് ഭോഷത്വവുമായ ക്രൂശിക്കപ്പെട്ട മിശിഹായുടെ" (1 കോറി 1:23) സജീവ പ്രതീകമെന്ന നിലയിൽ സ്ലീവാ ഈശോയുടെ സഹനമരണ ഉത്ഥാനരഹസ്യങ്ങളെ അനാവരണം ചെയ്യുന്നു. ഇത് ഈശോയുടെ സഹനത്തിന്റെ വിജയപ്രതീകമാണ്.

സഹനത്തെയും രോഗത്തെയും ശപിക്കുകയും പാപഫലമായി കണ്ട് സഹനദാസരെയും രോഗികളെയും പുറന്തള്ളുകയും ചെയ്തിരുന്ന യഹൂദപശ്ചാത്തലത്തിൽ സ്ലീവാ സഹനത്തിന്റെ മഹത്ത്വവും രോഗപീഢകളുടെ അന്ത്യവിജയവും മരണത്തിന്റെ രക്ഷാകരമൂല്യവും പ്രഘോഷിക്കുന്നു.

ക്രിസ്തീയസഹനത്തിന്റെ മൂല്യം വ്യക്തമാക്കുന്ന സ്ലീവാ മിശിഹായോടുകൂടി സഹിക്കുന്നവർ അവിടുത്തോടുകൂടി ഉയിർത്തെഴുന്നേല്ക്കുകയും അവിടുത്തെ മഹത്ത്വപൂർണ്ണമായ ജീവിതത്തിൽ പങ്കാളികളാകുകയും ചെയ്യുമെന്ന നിത്യസത്യത്തെ വെളിപ്പെടുത്തുന്നു.

**രോഗീലേപനം**

രോഗീലേപനമെന്ന കൂദാശ മാർസ്ലീവായുടെ മേൽപ്പറഞ്ഞ ദിവ്യരഹസ്യങ്ങളെ ഒരു വിശ്വാസിയായ രോഗിയുടെ ജീവിതത്തിൽ വ്യക്തമായി അവതരിപ്പിക്കുന്നു. ഒരുവന്റെ രോഗപീഡകളെ സ്ലീവായിൽ വെളിപ്പെടുത്തുന്ന മിശിഹായുടെ സഹനങ്ങളോട് ചേർത്ത് രക്ഷാകരമാക്കിത്തീർക്കുവാൻ ഈ കൂദാശ സഹായിക്കുന്നു.

രോഗം വേദനയുളവാക്കുന്നു. നിരാശയിലേക്ക് നയിക്കുന്ന ജീവിതത്തെ തള്ളിക്കളയുവാൻ പ്രേരിപ്പിക്കുന്ന ഒരു ദുഃഖസത്യം എന്നതിനേക്കാൾ മുറിവേറ്റ മിശിഹായുടെ മുറിപ്പാടുകളോട് ചേർന്ന് തിരുരക്തത്താൽ സ്വയം വിശുദ്ധീകരിക്കപ്പെടുവാനുള്ള അവസരമാക്കിത്തീർക്കുവാൻ ഈ കൂദാശ സഹായിക്കുന്നു. മിശിഹായുടെ സഹനത്തിന്റെ കുറവിനെ സഭയാകുന്ന അവിടുത്തെ ശരീരത്തിൽ പരിഹരിക്കുവാൻ സമർപ്പിച്ച പൗലോസ് ശ്ലീഹായെപ്പോലെ ഒരുവന്റെ രോഗസഹനങ്ങളെ മിശിഹായുടെ പീഡകളുടെ രക്ഷാകരമായ പൂർണ്ണതയിലേക്ക് രൂപാന്തരപ്പെടുത്തുവാൻ രോഗീലേപനം ഉപയോഗിക്കുന്നു.

രോഗത്തെയും അതിന്റെ സഹനങ്ങളെയും സ്ലീവായുടെ മഹത്ത്വത്തിന്റെ പ്രകാശത്തിൽ വഹിക്കാൻ എളുപ്പമുള്ളതും അവയുടെ ഭാരം ലഘുവുമാക്കിത്തീർക്കുവാൻ ഈ കൂദാശ സഹായിക്കുന്നു.

മനുഷ്യകുലത്തിന്റെ സഹനങ്ങളിൽ, രോഗങ്ങളിൽ, രോദനങ്ങളിൽ ദൈവം എപ്പോഴും തന്റെ മഹത്ത്വം അവർക്ക് വെളിപ്പെടുത്തിക്കൊടുത്തു. തന്റെ ശക്തമായ കരങ്ങളാൽ അവരെ വിമോചിപ്പിച്ചു, ആശ്വസിപ്പിച്ചു



വീണ്ടെടുത്തു. ദൈവത്തിന്റെ വീണ്ടെടുപ്പിന്റെ എക്കാലത്തെയും ചൂഴുന്നുനില്ക്കുന്ന മിശിഹായുടെ രക്ഷാകര പ്രവൃത്തിയുടെ പ്രതീകമാണല്ലോ സ്ലീവാ. അതായത് സ്ലീവായുടെ വിജയമാണ് മനുഷ്യരക്ഷാചരിത്രം. ഈ വലിയ വിജയത്തിന്റെ ആഘോഷമാണ് രോഗീലേപനവും രോഗവും, അതിന്റെ പീഡകളും . സ്ലീവായുടെ വിജയം വരിക്കുമെന്ന് രോഗീലേപനം ഉറപ്പാക്കുന്നു. സഹനത്തെ അതിശയിക്കുന്ന ആശ്വാസമുണ്ടെന്നും രോഗത്തെ വെല്ലുന്ന സൗഖ്യദായകനാണ് ഈശോയെന്നും രോഗത്താലുള്ള ഒറ്റപ്പെടലിനെ നിഷ്പ്രഭമാക്കുന്ന ത്രിത്വൈക കൂട്ടായ്മയും സഭാത്മക കൂട്ടായ്മയും തനിക്ക് ഉണ്ടെന്നും രോഗീലേപനം ഓരോ വ്യക്തിക്കും വ്യക്തമായി അനുഭവവേദ്യമാക്കിക്കൊടുക്കുന്നു. ലേപനം ചെയ്യുന്ന തൈലം പോലെ ഒരുവന്റെ ജീവിതത്തോട് സഭയും ത്രിത്വദൈവവും വിജയസഭയും ചേർന്നു നില്ക്കുന്നു. ഐക്യത്തിന്റെയും സ്നേഹത്തിന്റെയും പ്രതീകമായ സ്ലീവായുടെ അർത്ഥം രോഗി ഇവിടെ അനുഭവിക്കുന്നു.

ശക്തീകരിക്കുന്ന തൈലംപോലെ സ്ലീവായുടെ രക്ഷാകരഫലം രോഗിയെ ശക്തിപ്പെടുത്തുകയും ഈശോ ക്രൂശുമരണത്തിലൂടെ പ്രദാനംചെയ്ത, പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങൾ അവനു പ്രദാനംചെയ്യുകയും ചെയ്യുന്നു.

ക്രൂശിതനിൽനിന്നും ഒഴുകിയ ജലവും രക്തവും പൂശപ്പെടുന്ന തൈലത്തിന്റെ പ്രതീകത്തിൽ ഒരുവനിലേക്ക് നല്കപ്പെടുന്നു. അതുവഴി പാപമോചനവും ദൈവികീകരണവും സാധ്യമാകുന്നു. സ്ലീവാ സഹനത്തെ പ്രതിനിധാനംചെയ്യുന്നു. രോഗത്താൽ സഹിക്കുന്ന ഒരുവന്റെ സജീവ പ്രതീകമായി സ്ലീവാ തീരുന്നു. ശരീരാവയവങ്ങൾ സ്ലീവായുടെ അടയാളത്താൽ തൈലംകൊണ്ട് റൂശ്മ ചെയ്യുമ്പോൾ ഈ ശ്ലീവായോട് രോഗിയെ ചേർത്തുവയ്ക്കുന്നു. സ്ലീവായിലെ ക്രൂശിതനോട് അവൻ ഒന്നായിത്തീരുന്നു.

ചുരുക്കത്തിൽ രോഗീലേപനം രക്ഷാകരമായ ഒരനുഭവവും ദൈവീകരഹസ്യങ്ങളുടെ ആവിഷ്ക്കരണവുമാണ്. മാർസ്ലീവായുടെ സഹനം, മരണം, ഉത്ഥാനം, പ്രത്യാശ, പാപനാശം എന്നീ രഹസ്യങ്ങളെല്ലാം ഒരുവന്റെ രോഗമെന്ന ജീവിതയാഥാർത്ഥ്യത്തിൽ കണ്ടെത്തുകയും അവയെ രക്ഷയുടെ സ്ലീവായായി രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. പാപവിമോചനത്തിന്റെ ബലിവേദിയായ സ്ലീവായിൽ നിന്നൊഴുകിയ തിരുരക്തത്താൽ രോഗി പാപമോചനം പ്രാപിക്കുന്നു. ആത്മാവിന്റെ ഫലങ്ങളാൽ ശക്തീകരിക്കപ്പെടുകയും പ്രത്യാശയുടെ പടിവാതിൽ അവനു തുറക്കപ്പെടുകയും ചെയ്യുന്നു. രോഗീലേപനം കൃപാവരദായകവും അനന്തദായകവുമായ ഒരു ദിവ്യാനുഭവമാണ്. അതിന്റെ 'അന്ത്യലേപന'മായി മാത്രം കണ്ട് ഭീതിജനകമായ ഒരു കർമ്മമായി മാറ്റരുത്.

**ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ**

മിശിഹായുടെ രണ്ടാമത്തെ വരവിനു മുമ്പായി ഏലിയാ വരുമെന്ന് ആദിമ സഭ വിശ്വസിച്ചുപോന്നു. കർത്താവിന്റെ രണ്ടാമത്തെ വരവിന്റെ പ്രതീകമായ അവിടുത്തെ രൂപാന്തരീകരണ വേളയിൽ ഏലിയായും മൂശയും ഉണ്ടായിരുന്നതായിരിക്കാം സ്ലീവാ നടുക്ക് വരത്തക്കവിധം ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ രൂപപ്പെട്ടതിനു കാരണം. ⏩

*മാർസ്ലീവായുടെ സഹനം, മരണം, ഉത്ഥാനം, പ്രത്യാശ, പാപനാശം എന്നീ രഹസ്യങ്ങളെല്ലാം ഒരുവന്റെ രോഗമെന്ന ജീവിതയാഥാർത്ഥ്യത്തിൽ കണ്ടെത്തുകയും അവയെ രക്ഷയുടെ സ്ലീവായായി രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു.*

വിശുദ്ധരോടൊപ്പം



# ആറുവയസ്സുകാരിയുടെ ആത്മീയ ഭാവങ്ങൾ!

## ദൈവദാസിയായ നെന്നോലീനാ

ജിജി പുല്ലത്തിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ദൈവദാസപദവിയിലേക്ക് ഉയർത്തപ്പെട്ട നെന്നോലീനാ...

ഓമനക്കുഞ്ഞേ... 7 വർഷമല്ലേ നീ ഈ ലോകത്തിൽ ജീവിച്ചുള്ളൂ... പക്ഷേ വർഷങ്ങൾക്കൊണ്ട് നീ കർത്താവിന്റെ ഓമനയായി... അഞ്ചാമത്തെ വയസ്സിൽ നിന്നെ കാർന്നുതിന്ന ബോൺ ക്യാൻസർ എന്ന മാരകരോഗത്തെ എത്ര സ്നേഹത്തോടെയാണ് നീ സ്വീകരിച്ചത്... കഠിനവേദനയെ കർത്താവിന്റെ കാരുണ്യമാണെന്ന് പറയാൻ കുഞ്ഞുപ്രായത്തിൽ ആരാ നിന്നെ പഠിപ്പിച്ചത്..?

1930 ഡിസംബർ 15-ാം തീയതി റോമിലെ കുലീനകുടുംബത്തിൽ സമ്പന്നതയുടെ മടിത്തട്ടിൽ... നെന്നോലീനാ എന്ന ഓമനപ്പേരിൽ അറിയപ്പെട്ട ആന്റോണീത്തയോ... ആനന്ദമായിരുന്നു നിനക്കെപ്പോഴും അല്ലേ...? അധ്യാപകരൊക്കെ നിന്നെപ്പറ്റിപ്പറഞ്ഞു: "പ്രായത്തിൽക്കവിഞ്ഞ പക്വതയുള്ള സമർത്ഥയും സൽസ്വഭാവിയുമായ പൊന്നോമനപ്പൈതൽ"!

"സ്വർഗ്ഗത്തിൽനിന്നു പൊട്ടിവീണ മാലാഖ"

ബോൺക്യാൻസർ!!! അസ്ഥി തുളയുന്ന വേദന അനുഭവപ്പെട്ടപ്പോഴും അസുഖത്തെ ആനന്ദമാക്കിയ ആരോമലേ... ഒരു പനിവരുമ്പോഴേ പരാതിയുടെ ഭാണ്ഡക്കെട്ടുകളുമായി ആജീവനാന്തം അസ്വസ്ഥരായി ജീവിക്കുന്ന അനേകരുടെ വെല്ലുവിളിയുണർത്തുന്നതാ നിന്റെ ജീവിതം... അതികഠിനവേദനയെത്തുടർന്ന് ഓപ്പറേഷനു വിധേയമായപ്പോഴും നിന്റെ കുഞ്ഞധരങ്ങൾ ഏറ്റു ചൊല്ലി... "ഈശോ, ഞാൻ നിന്നെ സ്നേഹിക്കുന്നു". ശസ്ത്രക്രിയയ്ക്ക് നിന്നെ വിധേയയാക്കിയ ശസ്ത്രക്രിയാവിദഗ്ദ്ധരെപ്പോലും അത്ഭുതപ്പെടുത്തിയതായിരുന്നു നിന്റെ ആത്മസംയമനം.

നെന്നോലീനാ... ഈശോയെ സ്വീകരിക്കാനുള്ള നിന്റെ അതിയായ ആഗ്രഹം ബൊനവന്തുരാ അച്ചന് നന്നായി അറിയാമായിരുന്നു. അതുകൊണ്ടല്ലേ അദ്ദേഹം മുൻകൈയെടുത്ത് ആദ്യകുർബാന നല്കാൻ ഒരുങ്ങിയത്. 1936 സെപ്റ്റംബറിൽ നിന്റെ ഉള്ളിൽ ജനിച്ച മോഹം ഡിസംബർ 25-ാം തീയതി പൂവണിഞ്ഞപ്പോൾ നീ അനുഭവിച്ച പരമാനന്ദം ഞങ്ങളറിഞ്ഞത് മോളുവിന്റെ മമ്മയിലൂടെയായിരുന്നു...

അസഹ്യമായ വേദനയുടെ നടുവിലും ആദ്യകുർബാന സ്വീകരിക്കാൻ അണിഞ്ഞൊരുങ്ങിയ നെന്നോലീനാ... അമ്മയോട് പറഞ്ഞു: "മമ്മാ, നോക്ക്... ആപ്പിളിനകത്തിരിക്കുന്ന കറുത്തവിത്തുകൾ... ആ വിത്ത് ഇരിക്കുന്നത് എങ്ങ

നെയെന്ന് മമ്മാ കണ്ടിട്ടുണ്ടോ... ഒരു കുഞ്ഞ് അലമാരയ്ക്കകത്ത് ഇരിക്കുന്നതുപോലെ... ആ കറുത്ത വിത്തിന്റെ പുറംതൊലി മാറ്റിയാൽ വെള്ളപ്പരിപ്പ് കാണില്ലേ... എന്റെ മമ്മാ... നാളെ എന്റെ ഉള്ളിൽ ഈശോ വരുമ്പോൾ എന്നിലെ കറുപ്പൊക്കെ മാറി എന്റെ ഹൃദയവും വെണ്മയുള്ളതാകും... എനിക്കെന്നും എന്റെ ഈശോയെ വേണം..."

ആറു വയസ്സുകാരിയുടെ ആത്മീയഭാവങ്ങൾ! കത്തെഴുതാൻ ഒരുപാടിഷ്ടപ്പെട്ട കൊച്ചു കൂട്ടുകാരീ... ആദ്യകുർബാന സ്വീകരണത്തിനു ശേഷം പിതാവായ ദൈവത്തിനും പരിശുദ്ധാത്മാവിനും ഈശോയ്ക്കും മാതാവിനും വി. ആഗ്നസ്സിനും വി. കൊച്ചുത്രേസ്യായ്ക്കും നീയെഴുതിയ കത്തുകൾ... അത്ഭുതാദരങ്ങളോടെ നോക്കിക്കാണാനേ കഴിയുകയുള്ളൂ... ആറുവയസ്സുകാരി എഴുതിയ 105 കത്തുകൾ... ആരെയാണ് അത്ഭുതപരതന്ത്രരാക്കാത്തത്...

1937 മെയ് 19-ാം തീയതി സ്ഥൈര്യലേപനം സ്വീകരിച്ച് ആനന്ദത്തിൽ ആറാടിയ നിന്റെ ആരോഗ്യസ്ഥിതി എത്ര പെട്ടെന്നാ വഷളായത്... ഈശോ എന്ന മധുരനാമം ഉച്ചരിച്ചുകൊണ്ട് 1937 ജൂലൈ 3-ാം തീയതി മാലാഖാമരുടെ നാട്ടിലേക്കു ചിറകുകൾ വച്ച് നീ പറന്നുപോയപ്പോൾ സ്വർഗ്ഗത്തിൽ മറ്റൊരു മാലാഖകൂടി ജനിക്കുകയായിരുന്നു...

രോഗാതുരയായി കട്ടിലിൽ കിടന്നപ്പോഴും വഴിതെറ്റിപ്പോകുന്ന കുഞ്ഞുങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ച കുട്ടികളുടെ കൂട്ടുകാരി...

പ്രിയ കൂട്ടുകാരേ... നെന്നോലിനായ്ക്ക് നിങ്ങളോട് പറയാൻ ഒരുപാടു കാര്യങ്ങളുണ്ട്...

ധാർമ്മികമൂല്യങ്ങളെ കാറ്റിൽപ്പറത്തിക്കൊണ്ടുള്ള പരിഷ്ക്കാരങ്ങൾ ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുന്നവർ, അവയൊക്കെയും അപ്പാടെ നിങ്ങിളിലെത്തിക്കാൻ വ്യഗ്രത പൂണ്ടിരിക്കുകയാണ്... അധാർമ്മികതയ്ക്കെതിരേ ധാർമ്മികതയുടെ ശബ്ദമാകുവാൻ നമുക്കാവണം. പ്രതികരണശേഷി നഷ്ടപ്പെട്ടവരുടെ നടുവിൽ ആരെങ്കിലുമുണ്ടായിരുന്നെങ്കിൽ... ക്രിസ്തീയ വിശ്വാസത്തെ മുറുകെ പിടിക്കേണ്ടവർതന്നെ വിശ്വാസത്തെ വലിച്ചെറിയുന്നതു കാണുമ്പോൾ ഭയമാകുന്നു...

നെന്നോലീനായെപ്പോലെ ഈശോയാൽ നിറഞ്ഞ് ഈശോയെ മറ്റുള്ളവർക്ക് കൊടുക്കുവാൻ നമുക്ക് സാധിക്കും.

ജ്ഞാനത്തിലും പ്രായത്തിലും വിശുദ്ധിയിലും വളർന്നുവരുന്ന കുഞ്ഞുങ്ങൾ... അങ്ങനെയുള്ളവരുടെ ഒരു സമൂഹം ഇവിടെ സംജാതമാകുവാൻ ആത്മാർത്ഥമായി നാം പ്രാർത്ഥിക്കണം.

പ്രിയ കൂട്ടുകാരേ, നെന്നോലീനായ്ക്ക് നിങ്ങളോടു പറയാൻ ഒരുപാട് കാര്യങ്ങളുണ്ട്... ധാർമ്മികമൂല്യങ്ങളെ കാറ്റിൽ പറത്തിക്കൊണ്ടുള്ള പരിഷ്ക്കാരങ്ങൾ ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുന്നവർ, അവയൊക്കെയും അപ്പാടെ നിങ്ങളിലെത്തിക്കാൻ വ്യഗ്രത പൂണ്ടിരിക്കുകയാണ്... അധാർമ്മികതയ്ക്കെതിരേ ധാർമ്മികതയുടെ ശബ്ദമാകുവാൻ നിങ്ങൾക്കാവുമോ കുഞ്ഞുങ്ങളേ... പ്രതികരണശേഷി നഷ്ടപ്പെട്ടവരുടെ നടുവിൽ പ്രതികരിക്കാൻ ആരെങ്കിലുമുണ്ടായിരുന്നെങ്കിൽ...

ജ്ഞാനത്തിലും പ്രായത്തിലും വിശുദ്ധയിലും വളർന്നുവരുന്ന കുഞ്ഞുങ്ങൾ... അങ്ങനെയുള്ളവരുടെ ഒരു സമൂഹം ഇവിടെ സംജാതമാകുവാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുകയാണ്. നെന്നോലീനായുടെ മാദ്ധ്യസ്ഥ്യം തീർച്ചയായും നിങ്ങളോടൊപ്പമുണ്ടാകും.

**നമുക്കു പ്രാർത്ഥിക്കാം**

**ഉണ്ണീശോയെ, ദൈവദാസപദവിയിലേക്കുയർത്തപ്പെട്ട നെന്നോലീനായെപ്പോലെ ഈശോയാൽ നിറഞ്ഞ് ഈശോയെ മറ്റുള്ളവർക്കു കൊടുത്തുകൊണ്ട് വിശുദ്ധരായി ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ആമ്മേൻ.**



# ഈ ജീവിതം എത്രസുന്ദരം!

**ആൻസി കടുപ്പിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

യുവത്വം സ്വപ്നങ്ങൾ കാണുന്ന സുന്ദരമായ കാലം.

ഒരു പാട് സ്വപ്നങ്ങളെ താലോലിക്കുകയും അവയൊക്കെ സാക്ഷാത്ക്കരിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്ന പ്രായം. ഇന്ത്യയുടെ മിസൈൽമാൻ എന്ന് വിളിക്കപ്പെടുന്ന ഡോ. എ. പി. ജെ അബ്ദുൾ കലാം 2001 സെപ്റ്റംബർ 6-ാം തീയതി ഡോ. തർള റ്റാറ്റാ റാവു എൻഡൗമെന്റ് വിതരണം ചെയ്തുകൊണ്ടുനടത്തിയ പ്രഭാക്ഷണ മധ്യേ പറഞ്ഞു: "കുഞ്ഞുങ്ങളെയും യുവാക്കളെയും സ്വപനം കാണാൻ അനുവദിക്കുക; സ്വപ്നങ്ങൾ ചിന്തകളായും, ചിന്തകൾ പ്രവൃത്തിയായും രൂപം പ്രാപിക്കും". സഭാ പ്രസംഗകന്റെ പുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "യുവാവേ, യുവത്വത്തിൽ നീ സന്തോഷിക്കുക; യൗവ്വനത്തിന്റെ നാളുകളിൽ നിന്റെ ഹൃദയം നിന്നെ ആനന്ദിപ്പിക്കട്ടെ"(സഭാ 11:9).

മനോഹരമായ ഈ യുവത്വത്തെ കൂടുതൽ സുന്ദരമാക്കാനും, നിഷ്ക്കരുണം തച്ചുടക്കുവാനുമുള്ള സ്വാതന്ത്ര്യം ദൈവം അനാദിയിലെ ഓരോ യുവതി-യുവാക്കളിലും നിക്ഷേപിച്ചിരിക്കുന്നു. നിർഭാഗ്യമെന്നു പറയട്ടെ ആധുനിക ലോകത്തിലേക്ക് നാമൊന്ന് കണ്ണോടിച്ചാൽ യുവത്വത്തിലെ യുവത്വം നഷ്ടപ്പെട്ട, സന്തോഷം, പ്രതീക്ഷ, ഊർജ്ജസ്വലത ഇവ നഷ്ടപ്പെട്ട ഒരു യുവതലമുറയെ അല്ലേ നമുക്കുചുറ്റും കാണാൻ സാധിക്കുക? ഒപ്പം ഈശ്വരചിന്ത നഷ്ടപ്പെട്ട, ദൈവത്തെ ഒഴിവാക്കുവാൻ ശ്രമിക്കുന്ന, സനാതന മൂല്യങ്ങൾക്ക് യാതൊരുവിലയും കല്പിക്കാത്ത ഒരു യുവതലമുറയല്ലേ നമുക്കു ചുറ്റുപാടും വളർന്നുവരിക? നിമിഷസുഖത്തിനും, വിനോദത്തിനും, ജീവിതാഢംബരങ്ങൾക്കും മാത്രം ജീവിതത്തിൽ പ്രഥമ സ്ഥാനം നൽകികൊണ്ട് ജീവിതം കേവലം ആസ്വദിക്കാനുള്ളതാക്കി അഥവാ സുഖിക്കാനുള്ളതാക്കി മാത്രം മാറ്റുന്ന ഒരു പറ്റം യുവതീ യുവാക്കൾ... നിങ്ങളോട് ഞാനൊന്നു ചോദിക്കട്ടെ; നാളെ, നിങ്ങളെ കുറിച്ച് ഓർക്കാൻ നിങ്ങൾ ലോകത്തിന്, കുടുംബത്തിന്, സുഹൃത്തുക്കൾക്ക് എന്ത് നൽകികൊണ്ടാണ് നിങ്ങളുടെ യുവത്വം പൂർത്തിയാക്കുക?




**ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ**

പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ വളർച്ച പ്രാപിക്കുന്ന സഭയെയാണ് ഇതിനു മുമ്പുള്ള കൈത്താക്കാലത്തിൽ നാം കണ്ടത്. ഈ സഭ അതിന്റെ ലക്ഷ്യത്തിലെത്തിച്ചേരുന്നത് മിശിഹായുടെ രണ്ടാമത്തെ വരവോടുകൂടിയാണ്. അതുകൊണ്ട് മിശിഹാ വന്ന് അവസാനവിധിയിലൂടെ നല്ലവരുടെയും ദുഷ്ടരുടെയും ഭാഗധേയം നിർണ്ണയിക്കുന്ന രംഗമാണ് ഏലിയാ-സ്ലീവാ-മൂശക്കാലങ്ങളിൽ സഭാമാതാവ് നമ്മുടെ ചിന്തയ്ക്ക് വിഷയമാക്കുന്നത്.

നീ എന്ന യുവാവിന്റെ, യുവതിയുടെ അസ്തിത്വം ഒന്നുമല്ലാതാക്കി മാറ്റിയാണോ ജീവിച്ചത്? ജീവിക്കുന്നത്?

പ്രിയ യുവജന സുഹൃത്തുക്കളെ, നിങ്ങൾക്ക് ഒരു വെല്ലുവിളിയായി 2002-ലെ ലോകയുവജനദിനത്തോട് അനുബന്ധിച്ച് ജോൺപോൾ രണ്ടാമൻ മാർപാപ്പ നൽകിയ സന്ദേശം നിങ്ങളുടെ മുമ്പിൽ വയ്ക്കട്ടെ:

"നിങ്ങൾ യുവജനങ്ങൾ ഉദയസൂര്യനെ-ഉത്ഥിതനായ ഈശോയെ വിളംബരം ചെയ്യുന്ന കാവൽക്കാരാകണം. ജീവന്റെ സന്ദേശമാണ് ഉത്ഥിതന്റെ സന്ദേശം; ജീവന്റെ പൂർണ്ണതയും അർത്ഥവും നേടുക യുവാക്കളുടെ സ്വഭാവമാണ്. ഈ അന്വേഷണത്തിൽ തണുപ്പൻ മട്ട് സ്വീകാര്യമല്ല; ശുഭാപ്തി വിശ്വാസികളായി... പ്രതിബന്ധങ്ങളെ തരണംചെയ്ത് മുന്നേറുക".

ഇന്ന് യുവജന സമൂഹത്തെ ആകമാനം മഥിക്കുന്ന ഒരു പ്രശ്നമാണ് 'Easy going'. അതായത് ഒരു തണുപ്പൻ ചിന്താഗതി. ജീവിത പ്രതിസന്ധികളുടെ മുമ്പിൽ എന്തുചെയ്യണമെന്നറിയാതെ, നിഷ്ക്രിയരായി നിലകൊള്ളുന്ന അവസ്ഥ. ഇങ്ങനെയുള്ളവർക്ക് പ്രതിബന്ധങ്ങളെ തരണം ചെയ്യാനുള്ള ശക്തി നഷ്ടപ്പെടുന്നു. സഹനങ്ങളെ, ജീവിത കുരിശുകളെ സ്വീകരിക്കാൻ തയ്യാറാവാതെ, ത്യാഗജീവിതത്തെ അവഗണിച്ചുകൊണ്ട് സന്തോഷത്തിലേക്ക്, സുഖത്തിലേക്കുള്ള കുറുക്കുവഴികൾ തേടി അലഞ്ഞുതിരിയുന്നു. ചെന്നെത്തുന്നതോ നിരാശയുടെ പടുകുഴിയിലേക്ക്.

യുവജനങ്ങളുടെ സ്നേഹിതനായ ദൈവദാസൻ ജകബീന്താപിതാവ് പറയുന്നു: "നിങ്ങൾ കുരിശിനെ സ്നേഹിക്കുക; കുരിശിനെ സ്വീകരിക്കുക; കുരിശിനോട് പുഞ്ചിരിക്കുക; കാരണം ദൈവസ്നേഹത്തിൽ നമ്മെ എത്തിക്കാൻ സഹായിക്കുന്ന ഏറ്റവും വലിയ വഴിയാണു കുരിശ്".

ദൈവ സ്നേഹത്തിന്റെ ആഴങ്ങളിലേക്ക് നമ്മെ ആനയിക്കുന്ന ജീവിതകുരിശുകളെ, പ്രതിബന്ധങ്ങളെ നമുക്ക് സ്നേഹപൂർവ്വം ആശ്ലേഷിക്കാം. അവയെ ഈശോയുടെ തിരുക്കുരിശിനോട് ചേർത്ത് വയ്ക്കാം. അവിടുത്തെ തിരുമാറിൽ ചാരികിടന്ന് നമുക്ക് അവിടുത്തെ സ്നേഹമസൃണമായ സ്വരത്തിനായി കാതോർക്കാം.

"ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സ്വയം പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ"(മർക്കോ 8:34).

എല്ലാവർക്കും വി. കരിശിന്റെ പുകഴ്ച്ചയുടെ തിരുനാൾ ആശംസകൾ!!!

*"നിങ്ങൾ യുവജനങ്ങൾ ഉദയസൂര്യനെ-ഉത്ഥിതനായ ഈശോയെ വിളംബരം ചെയ്യുന്ന കാവൽക്കാരാകണം. ജീവന്റെ സന്ദേശമാണ് ഉത്ഥിതന്റെ സന്ദേശം; ജീവന്റെ പൂർണ്ണതയും അർത്ഥവും നേടുക യുവാക്കളുടെ സ്വഭാവമാണ്. ഈ അന്വേഷണത്തിൽ തണുപ്പൻ മട്ട് സ്വീകാര്യമല്ല; ശുഭാപ്തി വിശ്വാസികളായി... പ്രതിബന്ധങ്ങളെ തരണംചെയ്ത് മുന്നേറുക".*

# ദൈവദാസൻ ബിഷപ് വില്യം ജകഃീന്താ






**ടോ**ണിയും മനുവും കൂട്ടുകാരാണ്. ഇരുവരും പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ മിടുക്കരുമാണ്. അവരുടെ സഹപാഠിയായ വിനു മഹാ തല്ലിപ്പൊളിയാണ്. അവനോട് സാധാരണ ആരും കൂട്ടുകൂടാറില്ല. നല്ല മഴയുള്ള ഒരു ദിവസം ഇരുവരും തങ്ങളുടെ പുത്തൻ കുടയും ചൂടി വീട്ടിലേക്കു യാത്രയാവുകയാണ്. അപ്പോഴാണ് വിനു മഴ നനഞ്ഞ് എതിരെ വരുന്നത് കണ്ടത്. വിനുവിന്റെ ദയനീയാവസ്ഥ കണ്ട ടോണി പറഞ്ഞു. "മനു നമുക്ക് ഒരു കുട ചൂടിയിട്ട്. ഒരെണ്ണം ടോണിക്കു കൊടുക്കാം. അവന്റെ വീട്ടിൽ കുട വാങ്ങാൻ പണമില്ലല്ലോ". പക്ഷേ മനു സമ്മതിച്ചില്ല. "വേണ്ട വേണ്ട അവനാകെ തല്ലിപ്പൊളിയാ അവനെ സഹായിക്കാൻ പോയാൽ നമുക്കും തല്ലുകിട്ടും". ടോണി വീണ്ടും പറഞ്ഞു: "മനു മറ്റുള്ളവർക്കു നന്മ ചെയ്യാൻ കിട്ടുന്ന ഒരവസരവും പാഴാക്കരുത് എങ്കിലേ സ്വർഗ്ഗത്തിൽ പോകാനെക്കൂ..." മനു വിട്ടുകൊടുക്കാൻ തയ്യാറായില്ല. "ഒരു പുണ്യാളൻ. നീ കൂടുതലൊന്നും പറയണ്ട. ഞാൻ പപ്പയും അമ്മയും ടീച്ചർമാരും പറയുന്നതെല്ലാം അനുസരിക്കുന്നുണ്ട്. ഇതിൽ കൂടുതലൊന്നും വേണ്ട..."

കൂട്ടുകാരേ, എന്താ നിങ്ങളുടെ അഭിപ്രായം? വലിയ നന്മയൊന്നും ചെയ്തില്ലേങ്കിലും സ്വർഗ്ഗത്തിൽ പോകാനാകുമൊ? മത്താ 25,31-46 വായിച്ചു നോക്കിയതിനു ശേഷം നിങ്ങളുടെ അഭിപ്രായം എഴുതി അയയ്ക്കാൻ മറക്കരുതേ......

(തയ്യാറാക്കിയത്: സ്റ്റെഫി മംഗലത്തുകുന്നേൽ)

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ആദ്യം ലഭിക്കുന്ന 5 ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി - സെപ്റ്റംബർ 30).

**അയയ്ക്കേണ്ട വിലാസം:**
പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ചാലിറ്റി സെന്റർ മാങ്ങാനം പി. ഒ., കോട്ടയം 686 018



# Family: Image of The Holy Trinity

**Mrs Alphonsa Sanjay C**
Dapodi, Pune

FAMILY....The origin of the English word family is traced to the Roman word famulus or the latin word familia. The first family came through God's Love.....which he formed by creating the First man Adam in his image and likeness. And made him a companion.... woman...by the rib taken from man...and called her as Eve. He created this entire universe and all that is in it....only just for this family. The family is central to the Creator's plan for the eternal destiny of his children.

A home can be a true home when there is a family. A home should be always God centered. We must always remember the model for Christian family is the Holy family.

A Family is formed on the basis of love, caring, acceptance, protection & forgiveness.

Also God did not let all the creatures on the earth to be alone from birth till death but bonded them to their own respective types to

form a family among them, so that all enjoy the life & the world made by God and glorify him.

A good family is the place where, when a child is born...grows up physically & spiritually he is shown to live a life that is pleasing to God, and taught to fear God.

A Christian family should always revolve around the Trinity, that's God the father, God the son Jesus and the Holy Spirit. A family will remain Happy Family only if it's covered by God's Agape Love. It is always said "*the family that prays together stays together*". Today we see many families breaking...just for small reasons...its happens because they have not involved Jesus in their family, they gave God the least place in their family, they don't have time to fellowship with each other, no time for family prayers, but in all other worldly matters they are too occupied.

For example we see on the New Years Eve, many Christian families who are God Centered families will be seen at their churches offering thanksgiving prayers for the year ending and praying for good and blessed year ahead. But there is some kind of families who think they should not go to church but be at new-year parties enjoying drinks…etc, and giving God the last place. Such families are seen in the church only for hatch, match and dispatch...ie during baptism, marriage and burial. In a Christian Family, the Father is normally the head of the family and leads the family in prayer and love, so too a Mother in the family plays an important part to make the family a God fearing family, the best example is our mother Mary. Our family should make the holy family as our role model. Our family should radiate Christ.

## *The Silent Companion*

When I close my eyes...
It's you I see.
When You whisper to my inner heart
I can't see... but feel so closely.
Oh! What it is?
Is it love... the silent companion?
When I bear my 'little cross'...
It's You ahead of me.
When I sob before the puzzling realities of daily life..
It's Your cross... answers and soothes me..
When you breathe my name softly in to my car...
I can sense Your gentle warmth near me.



**Julie Vanniamparampil**
Apostolic Oblates





# നോ ടെൻഷൻ

**ഫാ. ഷിബു പുളിക്കൽ**
കല്യാൺ രൂപത

നസ്റുദ്ദീൻ ഹോജയുടെ ജീവിതത്തിൽനിന്നും ഒരു സംഭവം. ഒരു ദിവസം ഹോജയുടെ അയൽക്കാർ ചോദിച്ചു: "ഇന്നലെ രാത്രി താങ്കളുടെ വീട്ടിൽ വലിയൊരു ബഹളം കേട്ടല്ലോ. കൂടെ എന്തോ ഒരു സാധനം നിലത്തു വീഴുന്ന ഒച്ചയും. എന്താണ് സംഭവിച്ചത്?" ഹോജ പറഞ്ഞു: ''ഞാനും ഭാര്യയുംകൂടി വഴക്കുകൂടി. അരിശം മൂത്തപ്പോൾ അവൾ എന്റെ കുപ്പായമെടുത്ത് ജനലിലൂടെ വലിച്ചെറിഞ്ഞു. അതാണ് നിങ്ങൾ കേട്ട ശബ്ദം". അപ്പോൾ ആളുകൾ ചോദിച്ചു: 'കുപ്പായം വീണാൽ ഇത്ര വലിയ ഒച്ച കേൾക്കുമോ'. അപ്പോൾ ഹോജ വളരെ നിസാരമായി ഇങ്ങനെ പറഞ്ഞു: "ആ കുപ്പായത്തിനുള്ളിൽ ഞാനും ഉണ്ടായിരുന്നു".

ജീവിതത്തിലുണ്ടാകുന്ന ഓരോ സംഭവങ്ങളേയും സന്തോഷത്തോടും രസകരമായും സ്വീകരിക്കാൻ കഴിഞ്ഞാൽ ജീവിതത്തെ മനോഹരമാക്കാൻ നമുക്കു കഴിയും. ഇന്ന് മനുഷ്യന്റെ ഏറ്റവും വലിയ പ്രശ്നം അവനു ഭയങ്കര ടെൻഷനാണ് എന്നുള്ളതാണ്. നഴ്സറി സ്കൂളിൽ പോകുന്ന കുട്ടി മുതൽ മുത്തശ്ശി മുത്തശ്ശന്മാർക്കുവരെ ടെൻഷനാണ്. ടെൻഷൻ മൂത്ത് പ്രഷറും ഷുഗറും വർദ്ധിക്കുന്നുവെന്നല്ലാതെ യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ല. ഈശോ പറയുന്നു: "ആകുലരായതുകൊണ്ട് നിങ്ങളുടെ ആയുസിന്റെ ദൈർഘ്യം കൂട്ടുവാൻ നിങ്ങൾക്ക് സാധിക്കുമോ"? നിങ്ങളുടെ തലയിലെ ഒരു മുടിപോലും കറുപ്പിക്കാനോ വെളുപ്പിക്കാനോ നിങ്ങൾക്കു സാധിക്കുകയില്ല. ആകുലത എപ്പോഴും മനുഷ്യനെ രോഗിയാക്കുന്നു. മനസ് തുറന്ന് ചിരിക്കുന്നവർക്ക്, ഫലിതങ്ങൾ ആസ്വദിക്കുന്നവർക്ക് രോഗങ്ങൾ കുറവായിരിക്കും. ഒരിക്കൽ പ്രശസ്തനായ ഒരു പ്രസംഗകൻ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തെ കളിയാക്കാനായി ആരോ ഒരു കുറിപ്പെഴുതികൊടുത്തുവിട്ടു. കുറിപ്പിൽ 'വിഡ്ഢി' എന്ന് എഴുതിയിരിക്കുന്നത് കണ്ട് അദ്ദേഹം പറഞ്ഞു: "ഈ കത്ത് എഴുതിയ ആൾ ഒപ്പുമാത്രമേ ഇട്ടിട്ടുള്ളു. കത്തെഴുതാൻ മറന്നുപോയിരിക്കുന്നു" നമ്മളായിരുന്നു ആ സ്ഥാനത്തെങ്കിൽ!

ജീവിതത്തെ രസകരമാക്കുക-നിങ്ങൾ വിജയിക്കും.



# അന്ത്യവിധിയിൽ മഹത്ത്വമണിയുന്ന സ്ലീവാ

**അനു കുരിശുംമൂട്ടിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ക**ർഷകൻ വിത്തു വിതച്ചു. വെള്ളവും വളവും ഒപ്പം ഏറെ കരുതലും നൽകി. തന്റെ അദ്ധ്വാനത്തിന്റെ ഫലം ശേഖരിക്കുക അവന്റെ അവകാശമാണ്; വിളവു നൽകുക എന്നത് വൃക്ഷത്തിന്റെ കടമയും.

ഏലിയാ-സ്ലീവാ-മൂശക്കാലത്തിലൂടെ സഭാമക്കൾ വിളവെടുപ്പിനായി ആഗതനാകുന്ന കർത്താവിനെ ധ്യാനിക്കുകയാണ്. ചെമ്മരിയാടുകളെ കോലാടുകളിൽനിന്ന് വേർതിരിക്കാൻ നമ്മുടെ കർത്താവ് ആഗതനാകും. നന്മയും തിന്മയും തമ്മിൽ വേർതിരിക്കാൻ, നന്മയ്ക്ക് മഹത്ത്വകിരീടം ചൂടിക്കുവാൻ നീതിമാനായവൻ വരും. അവന്റെ മുമ്പിൽ എല്ലാവരും ഒരുമിച്ചു കൂടപ്പെടുമ്പോൾ സകലതും വെളിവാകും. വിധി നമുക്ക് അനുകൂലമോ പ്രതികൂലമോ എന്നത് ഭൂമിയിൽ വച്ച് നാം തന്നെ തീരുമാനിക്കും. നമ്മുടെ പ്രവൃത്തികൾക്കനുസൃതമായിരിക്കും പ്രതിഫലവും. ഇതിനെക്കുറിച്ച് വി. അപ്രേം വിവരിക്കുന്നത് ചിന്തോദ്ദീപകമാണ്:

"പറുദീസായുടെ താക്കോൽ ഇവിടെ ഭൂമിയിൽ വച്ചുണ്ടാക്കി എടുത്തുകൊള്ളുക. നിന്നെ സ്വാഗതം ചെയ്യുന്ന വാതിൽ നിന്റെ നേരെ ആഹ്ലാദപൂർവം പുഞ്ചിരിക്കുന്നു. എല്ലാം തിരിച്ചറിയുന്ന വാതിൽ അതിലൂടെ പ്രവേശിക്കു




ന്നവർക്കനുസൃതം അതിന്റെ രൂപം അനുരൂപപ്പെടുത്തുന്നു. അതിന്റെ വിജ്ഞാനത്താൽ അതു ചുരുങ്ങുകയും വികസിക്കുകയും ചെയ്യുന്നു. ഓരോരുത്തനും നേടിയെടുത്ത നിലയും വിലയും അനുസരിച്ച് പരിപൂർണ്ണരാണോ, കുറവുള്ളവരാണോ എന്ന് അതിന്റെ വലിപ്പത്താൽ അത് കാണിക്കുന്നു" (പറുദീസാഗീതങ്ങൾ 2,2).

അന്ത്യവിധിയുടെ മാനദണ്ഡം വി. മത്തായിയുടെ സുവിശേഷത്തിൽ കൃത്യമായി വിവരിച്ചു തരുന്നുണ്ട്. അന്ത്യവിധിയാകുന്ന പരീക്ഷയെ ധൈര്യപൂർവ്വം നേരിടുവാൻ ചോദ്യങ്ങൾ നേരത്തെതന്നെ നൽകിയിരിക്കുന്നു. നമ്മുടെ ശ്രദ്ധാകേന്ദ്രം നമ്മുടെ സഹോദരർ തന്നെ ആയിരിക്കണം. സഹോദരന്റെ വിശപ്പിൽ അന്നമാകാൻ, ദാഹിക്കുമ്പോൾ തെളിനീര് നൽകാൻ, സ്വഭവനത്തിൽ പരദേശിആകുമ്പോൾ അവന് ഒരു വീടും അഭയവുമാകാനാണ് മിശിഹാ അനുയായിയുടെ വിശിഷ്ട വിളി. അഭിമാനവും ആഭിജാത്യവും നഷ്ടപ്പെട്ട് നഗ്നനാക്കപ്പെടുന്ന അപരന് അഭിമാനത്തിന്റെ, സംരക്ഷണത്തിന്റെ കവചം സമ്മാനിക്കാൻ ക്രൈസ്തവൻ കരുതലുള്ളവനാകണം. ആത്മാവിലും ശരീരത്തിലും രോഗം ബാധിച്ചവരെ തൈലം പുരട്ടി സുഖപ്പെടുത്തുവാൻ സ്നേഹമാകുന്ന എണ്ണയുമായി അവരെ സന്ദർശിക്കണം. താൻ തന്നെയും മറ്റുള്ളവരും തീർത്ത കഠിന തടവറയിൽ വിമോചനത്തിന്റെ ദൂതായി പോകാൻ, സ്വാതന്ത്ര്യത്തിന്റെ വെളിച്ചം പകരാൻ ശിഷ്യത്വം നമ്മോടാവശ്യപ്പെടുന്നുണ്ട്...

ഇങ്ങനെ അപരനുവേണ്ടി ജീവിക്കേണ്ടി വരുമ്പോൾ നമ്മുടെ വഴിയിൽ വിരിയുന്ന ത്യാഗത്തിന്റെ പുഷ്പങ്ങളാണ് കുരിശുകൾ. അവസാന വിധിനാളിൽ കുരിശടയാളത്തോടുകൂടി അവൻ പ്രത്യക്ഷനാകും എന്നാണ് നാം വിശ്വസിക്കുന്നത്. മനുഷ്യകുലത്തിനുവേണ്ടി ഈശോ മുറിയപ്പെട്ടതിന്റെ അടയാളമാണ് കുരിശ്. അതിനെ മഹത്ത്വത്തിന്റെ അടയാളമായി അവിടുന്ന് ഉയർത്തി. ഈശോയുടെ രക്ഷയുടെ രഹസ്യത്തെ മാർ അപ്രേം വിവരിക്കുന്നത് ഇപ്രകാരമാണ്: "ആരും ലോകത്തിനു വേണ്ടി ജീവിക്കാതിരിക്കാൻ ഈശോ ലോകത്തിനു മരിച്ചു; ആരും ശരീരത്തിൽ ആഢംബരജീവിതം നയിക്കാതിരിക്കാൻ അവിടുന്ന് ക്രൂശിക്കപ്പെട്ട രീതിയിൽ അത്രേ ശരീരത്തിൽ വ്യാപരിച്ചത്. നാം അവന്റെ ശരീരത്തിൽ അവന്റെ ലോകത്തിനുവേണ്ടി ജീവിക്കുന്നതിനായി, അവൻ നമ്മുടെ ശരീരത്തിൽ നമ്മുടെ ലോകത്തിനു മരിച്ചു. നാം ജഡത്തിൽ ജഡികമായി ജീവിക്കാതിരിക്കാൻ അവൻ ജഡികജീവിതത്തെ നിഗ്രഹിച്ചു. മറ്റുള്ളവരെ ക്ലേശിപ്പിച്ചുകൊണ്ടല്ല, പിന്നെയോ, തന്റെ സ്വന്തം പീഡനങ്ങളിലൂടെ, അവൻ ഒരു പ്രബോധകൻ ആയിത്തീർന്നു. അവൻ ഒന്നാമതായി കയ്പ് രുചിച്ചു. കാരണം ബഹുമാന സംജ്ഞകൾ കൊണ്ടല്ല ക്ലേശങ്ങളിലൂടെയാണ് തന്റെ ശിഷ്യനായി തീരുവാൻ കഴിയുന്നതെന്ന് അവിടുന്ന് നമുക്ക് വിശദീകരിച്ചു തന്നു" (സുവിശേഷ ഭാഷ്യം 21,15).

ഈ ലോകത്തിൽ ശിഷ്യത്വത്തിനുള്ള ഉദാത്ത മാതൃകയാണ് ഈശോയുടെ വഴി... കുരിശിന്റെ വഴി... അവസാനവിധിനാളിൽ നമ്മുടെ തീർച്ചയും ഇതുതന്നെ... നമ്മുടെ സഹനങ്ങളെ രക്ഷയുടെ മാർഗ്ഗമായി സ്വീകരിക്കാനുള്ള കൃപയ്ക്കായി ഈശോയോട് പ്രാർത്ഥിക്കാം.

**ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ**

കർത്താവിന്റെ കുരിശിന്റെ ശക്തിയെയും ഇക്കാലത്ത് പ്രകീർത്തിക്കുന്നുണ്ട്. കർത്താവിന്റെ സ്ലീവായാണ് എല്ലാവിധ അനുഗ്രഹങ്ങളുടെയും ഉറവിടം. അതാണ് നമ്മുടെ ജീവിതത്തിന്റെ പ്രതീക്ഷാതീരം. നമ്മുടെ കുരിശുകളാകുന്ന ജീവിതക്ലേശങ്ങളെ സഹിക്കുവാൻ വേണ്ട ശക്തി കർത്താവിന്റെ സ്ലീവാ നമുക്കു പ്രദാനംചെയ്യുന്നു. സ്ലീവായുടെ പ്രഭാപൂരം തിന്മയെ പരാജയപ്പെടുത്തുകയും മർത്യനെ അമർത്യതയിലേക്ക് നയിക്കുകയും ചെയ്യുന്നു. ▶▶

# ചുമടുതാങ്ങികൾ



**എം.സി. ഇൽഡെഫോൺസ്**
**സോഷ്യൽ ആനിമേറ്റർ**

**വ**ഴയ രാജഭരണകാലത്ത് വാഹനങ്ങളുണ്ടായിരുന്നില്ല; നടക്കണം. ദൂരയാത്രയും നടന്നാണ്. പലപ്പോഴും ഭാരം പേറിയും നടക്കണം. മഹാരാജാവു വച്ചുപിടിപ്പിടിച്ച ചോലമരങ്ങൾ ഉണ്ടെങ്കിലും ദീർഘയാത്രയിൽ ഭാരവും ചുമന്നുകൊണ്ടുള്ള നടപ്പ് ദുഃസ്സഹമാണ്. ഇതു മനസ്സിലാക്കിയാണ് രാജാസനത്തിൽനിന്നും ചുമടുതാങ്ങികൾ വഴിവക്കുകളിൽ നിർമ്മിക്കപ്പെട്ടത്. പരസഹായം കൂടാതെ തലചുമട് അതിൽ ഇറക്കിവയ്ക്കാം; വിശ്രമത്തിനുശേഷം ഭാരം തനിയെ തലയിലേറ്റുകയും ചെയ്യാം. ഈ ചുമടുതാങ്ങികൾ നിർമ്മിച്ചിരുന്നത് ഏതാണ്ടു 12 നീണ്ട കരിങ്കൽ തൂണുകളാലാണ്.

ചുരുക്കിപറഞ്ഞാൽ ഒരാൾക്കുതന്റെ ചുമടു സൗകര്യപ്രദമായി ഇറക്കിവയ്ക്കാൻ പാകമായ വിധം തയ്യാറാക്കുന്ന ഒരു പൊക്കമുള്ള മേശപോലെയോ ഡസ്കു പോലെയോ ആയിരിക്കും ഈ “താങ്ങികൾ”. അക്കാലത്ത് ഈ ചുമടുതാങ്ങികൾ ജനങ്ങൾക്കുവളരെ ആശ്വാസമായിരുന്നു.

നമ്മുടെ ജീവിതത്തിലും നാം എപ്പോഴും “ചുമടുതാങ്ങി”കളാകണം. വഴിവക്കിലുള്ളവയ്ക്കു ജീവനില്ല, പക്ഷേ അതു മഹാരാജാവു കല്പിച്ചനുവതിച്ചവതന്നെ. നാം ചുമടുതാങ്ങികളാവുമ്പോൾ നമുക്കു ജീവനുണ്ട്. അതു കല്പിച്ചനുവദിച്ചു തന്നത് സാക്ഷാൽ ദൈവം തമ്പുരാൻ. അതും പരിധിയില്ലാത്ത ഉള്ളിൽ തട്ടിയ സ്നേഹത്തോടെ. നാമും ചുമടുതാങ്ങികളാവുമ്പോൾ നമ്മെ നയിക്കേണ്ടതും ഈ പരിധിയില്ലാത്ത സ്നേഹം തന്നെയാവണം. ഭർത്താവു ഭാര്യക്കും, ഭാര്യ ഭർത്താവിനും, സഹോദരൻ സഹോദരിക്കും, സഹോദരി സഹോദരനും ചുമടുതാങ്ങികളാവണം. എങ്കിലേ ഒരു സ്നേഹമുള്ള ഭവനം നമുക്കു കെട്ടിപ്പടുക്കാനാവൂ.

പ്രിയവായനക്കാരെ, നമുക്കൊന്നുചിന്തിക്കാം, എന്റെ ഭവനത്തിൽ ഞാൻ അത്തരമൊരു ഭർത്താവാണോ? ഭാര്യയാണോ? സഹോദരനാണോ? സഹോദരിയാണോ? മകനോ മകളോ ആണോ? നല്ലപിതാവും മാതാവു

മാണോ? അത്തരമൊരു അയൽക്കാരനാണോ? നമുക്കു ചിന്തിക്കുകയും ആത്മശോധന ചെയ്യുകയും ചെയ്യാം. ഇവിടെ ഒരാളുടെ അലംഭാവം ഭവനത്തെ മുഴുവൻ സ്നേഹരഹിതമാക്കും കലുഷിതമാക്കും. നമ്മുടെ ഭവനത്തിൽ ദൈവം വന്നു വസിക്കണമെങ്കിൽ ആ സ്നേഹസ്വരൂപൻ അദൃശ്യനായി ഉണ്ടാകണം. നാം ദൈവത്തെ സ്നേഹത്തോടെ, സ്നേഹത്തിൽ വിളിച്ചുവരുത്തണം. അതിനു നമ്മുടെയുള്ളിൽ വിരോധമോ, പകയോ, ദുർവ്വാസനകളോ അവയുടെ നിഴലോ ഉണ്ടാവരുത്. ദൈവം ഇറങ്ങിവരും. ദൈവം എവിടെയാണോ വസിക്കുക അവിടെയാണു സ്വർഗ്ഗം. ദൈവം നമ്മുടെ ഭവനത്തിൽ അദൃശ്യനായി വന്നിരിക്കുമ്പോൾ നമ്മുടെ വീടും സ്വർഗ്ഗമല്ലേ? അതേ, സംശയം വേണ്ട.

"രണ്ടോ അതിലധികമോ പേർ ഒന്നിച്ചിരുന്നു പ്രാർത്ഥിക്കുമ്പോൾ അവരുടെ മദ്ധ്യേ ഞാനുണ്ടാകും". തന്റെ വാക്കുകളിൽ വിശ്വസ്തനായ ദൈവം തീർച്ചയായും നമ്മുടെ



കുടുംബപ്രാത്ഥനകളിൽ സജീവനായി നമ്മോടൊപ്പം ഉണ്ടാകും. കുടുംബാംഗങ്ങൾ മുഴുവൻ ഒന്നിച്ചിരുന്നു ഒരു മുറിയിൽ സമ്മേളിച്ച് കുടുംബ പ്രാർത്ഥന ഒരാഘോഷമാക്കിമാറ്റുക. കാരണം അവിടെ ദൈവസാന്നിദ്ധ്യമുണ്ട്. ഒരാൾ വരാന്തയിലും മറ്റൊരാൾ തന്റെ മുറിയിലും മറ്റൊരാൾ അടുക്കളയിലും നിന്നു ആ സമയത്തു പ്രാർത്ഥിച്ചാൽ അതൊരു ദൈവ നിന്ദയും നന്ദിഹീനതയും വെല്ലുവിളിയുമാകാം. എല്ലാവർക്കും യോജിക്കുന്ന ഒരു കൃത്യസമയം പാലിച്ച് എല്ലാവരും ഒന്നിച്ചിരുന്നു ഭക്തിപൂർവ്വം സ്ഫുടമായും അർത്ഥമറിഞ്ഞും പ്രാർത്ഥിച്ച് കുടുംബ പ്രാർത്ഥന ഒരാഘോഷമാക്കുക. അപ്പോൾ ദൈവം ഇറങ്ങിവരും, നമ്മുടെ മദ്ധ്യേ വസിക്കും.

## ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ

**തിരുനാളുകൾ**

| | |
|---|---|
| ഓഗസ്റ്റ് 28 | -വി. അഗസ്റ്റിൻ |
| ഓഗസ്റ്റ് 29 | -വാഴ്ത്തപ്പെട്ട എവുപ്രാസ്യ |
| സെപ്റ്റം. 8 | -പരി. മറിയത്തിന്റെ പിറവിത്തിരുനാൾ |
| സെപ്റ്റം. 13 | -വി. ജോൺ ക്രിസോസ്തോം |
| സെപ്റ്റം. 14 | -വി. കുരിശിന്റെ പുകഴ്ച |
| സെപ്റ്റം. 21 | -വി. മത്തായിശ്ലീഹാ |
| സെപ്റ്റം. 27 | -വി. വിൻസെന്റ് ഡി പോൾ |
| സെപ്റ്റം. 29 | -മാലാഖമാരായ മിഖായേൽ ഗബ്രിയേൽ, റഫായേൽ |
| സെപ്റ്റം. 30 | -വി. ജറോം |
| ഒക്ടോബർ 1 | -വി. കൊച്ചുത്രേസ്യാ |
| ഒക്ടോബർ 2 | -കാവൽമാലാഖ |
| ഒക്ടോബർ 4 | -വി. ഫ്രാൻസിസ് അസ്സീസ്സി |
| ഒക്ടോബർ 15 | -ആവിലായിലെ വി. ത്രേസ്യ |
| ഒക്ടോബർ 16 | -വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ |
| ഒക്ടോബർ 17 | -അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ് |
| ഒക്ടോബർ 18 | -വി. ലൂക്കാ സുവിശേഷകൻ |
| ഒക്ടോബർ 28 | -വി. ശിമയോൻ, യൂദാ തദേവൂസ് |



# "നിങ്ങളും ഒരുങ്ങിയിരിക്കുവിൻ"

**പ്രിൻസി മൈലാടിയിൽ**

വളരെ പ്രതീക്ഷയോടെയും സന്തോഷത്തോടെയുമാണ് കുടുംബജീവിതത്തിലേക്ക് അവർ കാലെടുത്തു വച്ചത്. ആഗ്രഹിച്ചതിനെക്കാൾ മനോഹരമായി ജീവിതം മുന്നോട്ടു കൊണ്ടുപോകാനവർക്കായി. അവരുടെ സന്തോഷത്തിൽ ഭാഗഭാക്കാകുവാൻ കുടുംബത്തിലേക്ക് ഒരാൾ കൂടി അതിഥിയായെത്തുന്നു എന്നതിന്റെ സന്തോഷം അവർക്ക് പറഞ്ഞറിയിക്കാവുന്നതായിരുന്നില്ല. പുതിയ അതിഥിയുടെ സാന്നിധ്യം അവരുടെ ആനന്ദത്തെ വർദ്ധിപ്പിച്ചു. ആഹ്ലാദത്തോടെ നീങ്ങുന്ന ദിനങ്ങളിലായിരുന്നു അവന്റെ ജീവിതത്തെ പിടിച്ചുലച്ച സംഭവവും. ജോലി കഴിഞ്ഞിറങ്ങിയ തന്റെ പ്രിയതമയെ കൂട്ടിക്കൊണ്ടു വരുന്നവഴി ബൈക്ക് ലോറിയിലിടിച്ച് സംഭവസ്ഥലത്തു വച്ചുതന്നെ അവൾ അവനോട് യാത്രപറഞ്ഞു. 31 വയസ്സ് തികയാത്ത തന്റെ ജീവിത സഖിയെ നെഞ്ചോടു ചേർത്തു പിടിച്ച് കരയുന്ന സജിയുടെ മുഖം ഇന്നും മറക്കാനാവുന്നില്ല. ആ ശവസംസ്ക്കാര ചടങ്ങിൽ പങ്കെടുത്തപ്പോഴൊക്കെയും എന്റെ മനസ്സിലേക്ക് കടന്നുവന്ന ചിന്തയത്രയും ഇതായിരുന്നു. ഇത്ര പെട്ടെന്നാണോ മരണം കടന്നു വരിക? കള്ളനെപ്പോലെ എന്നു പറയുന്നത് കൊണ്ട് ഇതാണോ അർത്ഥമാക്കുക? എത്രമാത്രം അവൾ ഒരുങ്ങിയിരുന്നിരിക്കണം?

ഏലിയാ-സ്ലീവാ-മൂശക്കാലം നമ്മെ ഓർമ്മപ്പെടുത്തുക കർത്താവിന്റെ രണ്ടാമത്തെ ആഗമനവും നമ്മുടെ അന്ത്യ വിധിയുമാണ്. വി. മത്തായിയുടെ സുവിശേഷം ഇത് വെളിപ്പെടുത്തുന്നു. "കിഴക്കു നിന്നു പടിഞ്ഞാറോട്ടു പായുന്ന മിന്നൽ പിണർ പോലെയായിരിക്കും മനുഷ്യപുത്രന്റെ ആഗമനം" (മത്താ 24,27). "ആ ദിവസത്തെക്കുറിച്ചോ മണിക്കൂറിനെക്കുറിച്ചോ പിതാവിനല്ലാതെ മറ്റാർക്കും സ്വർഗ്ഗത്തിലെ ദൂത




ന്മാർക്കോ പുത്രനുപോലുമോ അറിഞ്ഞുകൂടാ" (മത്താ 24,36). സദാ ജാഗരൂകരായിരിക്കുവാൻ സുവിശേഷം ആഹ്വാനം ചെയ്യുമ്പോൾ ജാഗ്ര തയോടെയുള്ള ഒരുങ്ങിയിരുപ്പാണ്, ഉണർന്നി രിപ്പാണ് ഓരോ മനുഷ്യനിൽനിന്നും ദൈവം ആഗ്രഹിക്കുക. ക്രിസ്താനുകരണം ഒന്നാം പുസ്തകം 24-ാം അദ്ധ്യായം ചിന്തയ്ക്കു വിഷ യീഭവിപ്പിക്കുക യുക്തമാണ്. "എല്ലാ കാര്യങ്ങ ളിലും നിന്റെ അന്ത്യത്തെപ്പറ്റി ചിന്തിക്കുക. വിധി ദിവസത്തേക്കു വേണ്ടത് എന്തുകൊ ണ്ടാണ് നീ കാലേകൂട്ടി ചിന്തിക്കാത്തത്?".

ജീവിതത്തിന്റെ എല്ലാ മേഖലകളിലും ദൈവഹിതത്തിനനുയോജ്യമായ ജീവിതം നയി ക്കുക എന്ന ഒരു ചിന്ത കൂടി ഇതു നമുക്കു തരികയാണ്. മർക്കോസ് 8,36-37-ൽ പറയുന്നു: "ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അതു കൊണ്ട് അവന് എന്തു പ്രയോജനം? മനുഷ്യൻ തന്റെ ആത്മാവിന് പകരമായി എന്തു കൊടുക്കും"? അവനവന്റെ ആത്മാവിന്മേൽ ഒരുവൻ കാട്ടേണ്ട ശുഷ്ക്കാന്തിയെ ചൂണ്ടിക്കാ ട്ടുകയാണിവിടെ.

"എന്റെ ഏറ്റവും എളിയ ഈ സഹോദര രിൽ ഒരുവനുവേണ്ടി നിങ്ങൾ ഇതു ചെയ്ത പ്പോൾ എനിക്കുവേണ്ടിതന്നെയാണ് നിങ്ങൾ ഇതു ചെയ്തത്" (മത്താ 25,40). സ്വന്തം ഹൃദ യത്തോട് ചേർത്തു വയ്ക്കേണ്ട അപരനോട് കാട്ടേണ്ട മനോഭാവം എന്തായിരിക്കണം എന്ന ചിന്തയാണിവിടെ നൽകുക. (CCC 583). അയൽക്കാരനോടുള്ള നമ്മുടെ മനോഭാവം ദൈവകൃപയുടേയും ദൈവികസ്നേഹത്തി ന്റെയും സ്വീകരണമോ തിരസ്ക്കാരമോ വെളി വാക്കും".

അന്തിമ വിധിനാളിൽ വലതു ഭാഗ ത്തേക്ക്, പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവ രുടെ ഭാഗത്തേയ്ക്ക് ആനയിക്കപ്പെടണമെങ്കിൽ

## ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ ഞായറാഴ്ചകളിലെ വിശുദ്ധഗ്രന്ഥവായനകൾ

1. ലൂക്കാ 18,35-19,10; 2 തെസ 1,1-10
2. മത്താ 13,1-23; 2 തെസ 2,15-3,18
3. മത്താ 13,24-30; ഫിലി 1,12-25
4. മത്താ 4,12-17; ഫിലി 2,1-11
5. മത്താ 17,14-27; ഫിലി 3,1-11
6. മത്താ 15,21-28; ഫിലി 4,4-9
7. മത്താ 18,1-9; 1 കൊറി 14,31-40
8. മത്താ 20,1-16; 2 കൊറി 2,12-16
9. മത്താ 28,16-20; നട 22,6-21
10. മത്താ 8,23-34; ഗലാ 6,12-18

കാരുണ്യം തുടിക്കുന്ന മിശിഹാ ചൈതന്യം നമ്മുടെയും സ്വന്തമാക്കണം. മിശിഹായുടെ വര വിനെ നോക്കിപ്പാർത്ത് ജീവിച്ച്, മരണംവഴി അവനോടൊത്ത് സ്വർഗ്ഗഭാഗ്യം അനുഭവിക്കുന്ന വിശുദ്ധ സൗഹൃദങ്ങളെ നമുക്കും അനുക രിക്കാം. വി. അൽഫോൻസാമ്മ അനുസ്മരിപ്പി ക്കുന്ന വചനഭാഗത്തെ ജീവിതമാക്കി മാറ്റാം. "ഗോതമ്പുമണി നിലത്തു വീണ് അഴിയുന്നി ല്ലെങ്കിൽ അത് അങ്ങനെതന്നെ കിടക്കും. അഴി യുന്നെങ്കിലോ, അത് വളരെ വിളവു നൽകും" (യോഹ. 12,24).



# വിശ്വാസം

## നമ്മുടെ ആജീവനാന്തസഹചാരി

സുജ ചോതിരക്കുന്നേൽ

ക്രിസ്ത്യാനി മന്ദോഷ്ണനായിരിക്കരുത്... വിശ്വാസം നമ്മിൽ സ്നേഹത്തിന്റെ ജ്വാലയായിമാറണം. അത് യഥാർത്ഥത്തിൽ എന്റെ അസ്തിത്വത്തെ ജ്വലിപ്പിക്കണം അതുവഴി അപരനേയും. "തലമുറ തലമുറയായി ദൈവത്തിൽ വിശ്വാസമർപ്പിക്കുന്നവരാരും അശക്തരാവുകയില്ല എന്നു ഗ്രഹിച്ചുകൊള്ളുവിൻ"(1മക്ക 2:61). നമ്മുടെ വിശ്വാസ ജീവിതത്തെ കണ്ടെടുക്കുവാനും, വിലയിരുത്തുവാനും ശക്തിപ്പെടുത്തുവാനുമായി പ്രത്യേകം പ്രതിഷ്ഠിതമായ ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്.

പരിശുദ്ധ പിതാവ് ബനഡിക്റ്റ് 16-ാമൻ മാർപാപ്പയുടെ വാക്കുകളിൽ പറഞ്ഞാൽ "വിശ്വാസം നമ്മുടെ ആജീവനാന്ത സഹചാരിയാണ്". മാമ്മോദീസായിലൂടെ വിശ്വാസജീവിതത്തിലേക്കു പ്രവേശിച്ച നാം മരണത്തിലൂടെ നിത്യതയിലേക്കു പ്രവേശിക്കുന്നതുവരെ നമ്മുടെ സന്തത സഹചാരിയാകേണ്ടതാണ് ദൈവത്തിലുള്ള വിശ്വാസം . നാം പ്രായത്തിൽ വളരുന്നതോടൊപ്പം വിശ്വാസത്തിലും വളരണം. ജീവിതയാത്രയിൽ സഹോദരങ്ങളിലേക്ക് പടരുന്നതും, നമ്മിലേക്കുതന്നെ ആഴ്ന്നിറങ്ങുന്നതുമായ പരസ്പരവിശ്വാസവും, ആത്മവിശ്വാസവും ദൈവവിശ്വാസത്തിന്റെ ഇരു ചിറകുകളായി ശക്തിപ്രാപിക്കണം. ഈ ചിറകുകൾ ബലഹീനമായാൽ ദൈവത്തിങ്കലേയ്ക്ക് പറന്നുയരാനുള്ള ശക്തിയും നമുക്ക് ഇല്ലാതെയാകും.

വിശ്വാസത്തിലടിയുറച്ചുകൊണ്ടുള്ള ഒരു നവസുവിശേഷവൽക്കരണമാണ് പരി. പിതാവ് വിശ്വാസവർഷ പ്രഖ്യാപനത്തിലൂടെ ലക്ഷ്യമാക്കിയിരിക്കുന്നത്. വിശ്വസിക്കുന്നതിലൂടെയെ വിശ്വാസം വളരുകയും, ശക്തിപ്പെടുകയും ചെയ്യുകയുള്ളു. 'മറ്റുള്ളവർക്കു നൽകുമ്പോൾ വിശ്വാസം ശക്തിപ്പെടുന്നു.' എന്ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പയും പറഞ്ഞിരിക്കുന്നു. ലോകത്തിൽ ശക്തിപ്പെടുന്ന വിശ്വാസ-മത-നിസ്സംഗത(സെക്കുലറിസം) നമ്മുടെ സംസ്ക്കാരത്തിന്റെ ഭാഗമായികൊണ്ടിരി

ക്കുന്നു. അത് ജനങ്ങളുടെ അനുദിന ജീവിതത്തിന്റെ എല്ലാ തലങ്ങളെയും കീഴ്പ്പെടുത്തുകയും, വ്യക്തിജീവിതത്തിൽ നിന്നും മനഃസാക്ഷിയിൽ നിന്നും കൂടി ദൈവത്തെ കുടിയൊഴിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഈ കാലഘട്ടത്തിന്റെ സംസ്കാരം മുഖ്യമായും സമൂഹത്തിന്റെ കെട്ടുറപ്പിനെ ദുർബലപ്പെടുത്തുന്നതാണ്. ദൈവത്തിൽ നിന്നകന്ന്, ജീവന്റെ സംസ്കാരം നഷ്ടപ്പെട്ട മരണസംസ്കാരത്തിൽ ജീവിക്കുന്ന ഒരു ലോകമാണ് ഇന്ന് നമ്മുടെ മുമ്പിൽ. ഇങ്ങനെയുള്ള ലോകത്തിൽ നാം ജീവിക്കുന്ന ഈ കാലഘട്ടത്തിൽ ലോകത്തോട് ബന്ധപ്പെടുവാനും, ലോകത്തോട് സംഭാഷണത്തിലേർപ്പെടുവാനും നമ്മുടെ കർത്താവ് നിയോഗിച്ച ആത്മാക്കളാണ് നമ്മൾ. അതുകൊണ്ട് നാം ജീവിക്കുന്ന ഈ കാലഘട്ടത്തിൽ സഭയുടെയും ലോകത്തിന്റെയും പ്രശ്നങ്ങൾ അറിയണം, സഭയ്ക്കും ലോകത്തിനുമിടയിൽ നമ്മൾ മദ്ധ്യവർത്തികളായിതീരണം. ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്ന ശ്രദ്ധേയമായ മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ ഇന്നത്തെ സമൂഹവും സംസ്കാരങ്ങളും ക്രൈസ്തവവിശ്വാസത്തിനും അതിന്റെ പ്രഘോഷണത്തിനും സാക്ഷ്യം നൽകുന്നതിനുമെതിരെ ഉണർത്തുന്ന വെല്ലുവിളികളെ നാം നേരിടണം.

വിശ്വാസത്തിൽ വേരുന്നിയ ഒരു വിശുദ്ധ സമുഹമായി നാം രൂപപ്പെടണം. നമ്മുടെ വിശ്വാസത്തിന്റെ വിഷയവും ജീവിതവും എപ്പോഴും പൊരുത്തപ്പെട്ടുപൊകണം. "വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുക സാധ്യമല്ല" (ഹെബ്രാ 1:6). വിശ്വസിക്കുന്ന മനുഷ്യന് തന്റെ ജീവിത്തിലെ ചെറുതും വലുതുമായ സംഭവങ്ങളിൽ ദൈവസ്നേഹത്തെ തിരിച്ചറിയാൻ കഴിയുന്നു. വിശ്വാസിയുടെ ജീവിതം പ്രതിസന്ധികളുടെ നടുവിൽ ഉലയാതെ നിൽക്കുന്നു. ഉയരങ്ങളിലേക്കു പറക്കുവാൻ പാകമുള്ള ചിറകുകളുള്ളവനാണവൻ. തനിക്കുചുറ്റും നടക്കുന്ന കാര്യങ്ങൾ പക്വതയോടെ കാണുവാൻ അവന് കഴിയുന്നു. അവന്റെ മനസ്സിൽ നിത്യവും മുഴങ്ങുന്ന ഒരു ദൈവവചനമുണ്ട് "ഭയപ്പെടേണ്ട വിശ്വസിക്കുക മാത്രം ചെയ്യുക".

വിശ്വാസത്തിൽ രൂപം കൊള്ളുന്ന ഭവനങ്ങൾ പാറമേൽ പണിത ഭവനങ്ങളാണ്. നമ്മുടെ കുടുംബങ്ങളിൽ പിറന്നുവീഴുന്ന ഓരോ കുഞ്ഞിനും വിശ്വാസ ബോധ്യങ്ങളാണ് നാം നൽകേണ്ട സമ്പത്ത്. വിശ്വാസം ഇല്ലാതെ അറിവിൽ മാത്രം വളരുന്ന തലമുറയ്ക്ക് ഈ ലോകത്തിൽ കാര്യമായി ഒന്നും സംഭാവന ചെയ്യാനാവില്ല. മറിച്ച് വിശ്വാസത്തിൽ ജ്വലിച്ച് അറിവിൽ ലോപിക്കാതെ വളരുന്നതലമുറ ഈലോകത്ത് അത്ഭുതങ്ങൾ വാരി വിതറും.

ബ്രസീലിൽ യുവജന ദിനത്തിനെത്തിയ ജനകൂട്ടത്തെ അഭിസംബോധനചെയ്തുകൊണ്ടു ഫ്രാൻസിസ്സ് പാപ്പാപറഞ്ഞു: "ഒരു നല്ല കറിവയ്ക്കുമ്പോൾ അതിന് ഉപ്പ് ചേർക്കാറുണ്ടല്ലോ, ആവശ്യത്തിന് എണ്ണയും ചേർക്കാറുണ്ട്. രുചികൂടുവാൻ ഇത് ആത്യാവശ്യമാണ്. എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കളെ ജീവിതവും ഇതുപോലെ തന്നെയാണ്. അതിന് അർത്ഥമുണ്ടാകണമെങ്കിൽ വിശ്വാസം കൂടിച്ചേർക്കണം. അതിന് രുചികൂട്ടുവാൻ അതിന്റെ കൂടെ പ്രത്യാശയും ചേർത്തേ മതിയാവൂ. വ്യക്തമായൊരു ദിശയറിയുവാൻ അതിന്റെ കൂടെ സ്നേഹം കൂട്ടിച്ചേർക്കണം. അപ്പോൾ നിന്റെ ജീവിതം പാറമേൽപണിത ഭവനം പോലെയാകും, നിന്റെ വഴികൾ സന്തോഷം നിറഞ്ഞതാകും, നിന്റെ കൂടെ നടക്കുവാൻ ഇഷ്ടപ്പെടുന്ന സുഹൃത്തുക്കളെയും അപ്പോൾ കണ്ടുമുട്ടും. അതുകൊണ്ട് ജീവിതത്തിന് വിശ്വാസവും, പ്രത്യാശയും, സ്നേഹവും കൂട്ടിച്ചേർക്കുക. പക്ഷേ ആർക്കാണ് ഇതൊക്കെ തരാൻ കഴിയുന്നത്? ഈശോയ്ക്കു മാത്രം. അതുകൊണ്ട് ഈശോയെ കൂട്ടിചേർക്കുക. ആരിലാണ് സത്യത്തിൽ നമ്മൾ വിശ്വാസം അർപ്പിക്കുന്നത്? നമ്മിൽ തന്നെയോ, ഭൗതിക വസ്തുക്കളിലോ? പണവും അധികാരവും, സ്വത്തുമൊക്കെ നിമിഷനേരത്തേയ്ക്കുള്ള സന്തോഷമേ നമുക്കു തരികയുള്ളു. എന്നാൽ ഈശോയിൽ ആശ്രയിക്കുന്നവർക്ക് ഒരിക്കലും നിരാശപ്പെടേണ്ടി വരില്ല".

ശിഷ്യന്മാരോട് ഈശോ പറഞ്ഞു "നിങ്ങൾ ലോകമെങ്ങുംപോയി സുവിശേഷം




പ്രഘോഷിക്കുവിൻ". പാവപ്പെട്ടശിഷ്യൻമാർക്ക് ഇതിന് ധൈര്യം എവിടെ നിന്നുകിട്ടി? അവർ പൂർണ്ണമായും ഈശോയ്ക്കു സമർപ്പിച്ച് അവിടുന്നിൽ ആശ്രയിച്ചപ്പോഴാണ് ധൈര്യം ലഭിച്ചത്. ജീവിതം ആശ്രയത്വത്തിന്റെ, വിട്ടുകൊടുക്കലിന്റെ ബന്ധമായി തീരുമ്പോഴാണ് ദൈവഹിതം നമ്മിൽ പൂർണ്ണമാകുന്നത്.

മറിയം ആശ്രയത്വത്തിന്റെയും, വിശ്വസിക്കുന്നവരുടെയും മാതൃകയാണ്. സംഭവിക്കാൻ പോകുന്നതെന്തന്ന് അറിയാഞ്ഞിട്ടും ദൈവഹിതത്തിനു പൂർണ്ണമായും വിട്ടുകെടുത്തവൾ. ദൈവഹിതത്തിന്റെ രഹസ്യങ്ങളിലേക്ക് ആഴ്ന്നിറങ്ങാൻ പരിശ്രമിച്ചവളാണവൾ. വിശ്വാസത്തിന്റെ ധീരമാതൃകയായ പ.മറിയം ഈ സുവിശേഷവൽക്കരണ യാത്രയിൽ നമുക്ക് തുണയാകണം. മംഗല വാർത്തമുതൽ കാൽവരിവരെ വിശ്വാസത്തിന്റെ അനുസരണം ജീവിക്കുകയും അതുവഴി മിശിഹായുടെ ഉത്ഥാനത്തിന്റെ ഫലങ്ങൾ ആസ്വദിക്കുകയും ചെയ്ത പ.അമ്മ വിശ്വാസത്തിൽ വളരുവാൻ നമ്മെ സഹായിക്കട്ടെ.



# സസ്നേഹം...നിനക്ക്...

**ഷീലു**

സ്നേഹമെന്തെന്നറിയുമോ നിനക്ക-
തിന്നാഴമെന്തെന്നറിയുമോ?
ഇല്ലില്ലളക്കാനാവതില്ലൊരുവനും
സ്നേഹത്തിന്നാഴമതാഴിയിലുമത്യഗാധം!

തായ തൻ തനയനെ വെടിഞ്ഞകന്നാലും
തള്ളില്ല ഞാൻ നിന്നെയെന്നാണ് ഗുരുമൊഴി!
ഒരു കാതം വരുവാൻ ചോദിപ്പോനോടൊപ്പം
ഇരുകാതം താണ്ടുവാൻ കല്പിക്കും തിരുമൊഴി!!

സ്വന്തവും ബന്ധവും മറക്കുന്ന മർത്യനോ
സ്നേഹബന്ധങ്ങളെ കാറ്റിൽപറത്തുന്നു
അമ്മ മറക്കുന്ന 'ഷെഫീക്കു'മാർ തേങ്ങുന്നു
സരിതയും സോളാറും നാടു നടുക്കുന്നു
വെറിപൂണ്ട രാഷ്ട്രീയക്കോമരങ്ങളോ നാട്ടിൽ
നെറികേടുകാട്ടി വിലസീടുന്നു!!

ഇവിടെ സ്നേഹമെന്തെന്നറിയുമോ മർത്യാ-
നിനക്കതിന്നാഴമെന്തെന്നറിയുമോ?!

ഉണരണം നാടിന്റെ നന്മയ്ക്കായ് നാമെല്ലാം
തമസ്സിനെ പഴിക്കാതെ തിരിയായ് തെളിയണം
സഹജന്റെ മിഴിയിലെ നനവു നീ കാണണം
അസമത്വങ്ങളിൽ നല്ലസമറായനാകണം
സുരക്ഷിതത്വം തരും സുഖം വെടിഞ്ഞെന്നും നീ
അരക്ഷിതത്വത്തിന്റെ പാതപുണരണം
പീഡനം താഡനം രോദനമൊക്കെയും
ദൂരെയകറ്റുവാൻ മുന്നിട്ടിറങ്ങണം.
ഇവിടെ സ്നേഹമെന്തെന്നറിയണം മർത്യാ
നീയതിന്നാഴമെന്തെന്നറിയണം നിശ്ചയം!

ദിനമനുനവമായ ദൈവികസ്നേഹം
നുകരുക, പകരുക, വാഹകരാവുക
നിരാശതൻ ചുഴിയിലും തോരാത്തമിഴിയിലും
"പ്രതീക്ഷ"തൻ തിരിനാളം തെളിക്കനീയെന്നെന്നും!
നിന്നെകാണുന്ന നിൻ സഹജന്റെ മിഴികളിൽ
ദൈവസ്നേഹത്തിൻ നിലാപ്പെയ്ത്ത് നിറയട്ടെ!!

## സെനക്കിൾ തരംഗം

**സന്ദേശം**

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനക്രമവത്സരത്തിൽ ഏലിയാ-സ്ലീവാ-മൂശക്കാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. സ്ലീവായുടെ മഹത്ത്വവും മിശിഹായുടെ രണ്ടാം ആഗമനവും പ്രത്യേകം അനുസ്മരിക്കുന്ന ഈ കാലഘട്ടം മിശിഹായിലുള്ള നമ്മുടെ ജീവിതത്തിന്റെ അന്ത്യാത്മകമാനത്തെപ്പറ്റി കൂടുതൽ അവബോധമുൾക്കൊള്ളുവാനുള്ള അവസരമാണ്. തന്റെ ജീവിതത്തിന്റെ അന്ത്യാത്മകമാനത്തെപ്പറ്റിയുള്ള അവബോധമാണ് ഈശോയെ നിരന്തരമായി നയിച്ചിരുന്നത്: "...താൻ ദൈവത്തിൽനിന്നു വരുകയും ദൈവത്തിങ്കലേക്കു പോവുകയും ചെയ്യുന്നുവെന്നും ഈശോ അറിഞ്ഞു" (യോഹ 13,3). മനുഷ്യകുലത്തോടുള്ള തന്റെ സ്നേഹം വെളിപ്പെടുത്തുവാനാണ് പിതാവ് പുത്രനെ ലോകത്തിലേക്ക് യാത്രയാക്കിയത്. ഈ ലക്ഷ്യബോധമാണ് തന്റെ ജീവിതത്തിലുടനീളം ഈശോയെ നയിച്ചത്. തന്റെ കുരിശുമരണത്തിലൂടെ ദൈവത്തിന്റെ സ്നേഹം പൂർണ്ണതയിൽ വെളിപ്പെടുത്തി തന്റെ പിതാവിന്റെ പക്കലേക്കു പോകുവാൻ സാധിക്കുമല്ലോ എന്ന ചിന്തയാണ് തന്റെ കുരിശ് സന്തോഷത്തോടെ വഹിക്കുവാനും ആ കുരിശിൽ ജീവൻ ഹോമിക്കുവാനും ഈശോയെ പ്രേരിപ്പിച്ചത്.

നമ്മുടെ ജീവിതവും ഈ അന്ത്യാത്മകാവബോധത്താൽ നയിക്കപ്പെടണം. 'മാക്സിമലിസ'ത്തിൽ വിശ്വസിക്കുന്ന സെനക്കിൾ വൈദികരുടെ ജീവിതലക്ഷ്യം ദൈവത്തിന്റെ പരമാവധി സ്നേഹത്തെ ലോകത്തിനു വെളിപ്പെടുത്തുക എന്നതായിരിക്കണം. നമ്മുടെ ശുശ്രൂഷാജീവിതം ഈശോയുടേതുപോലെ ദൈവസ്നേഹത്തെ മനുഷ്യർക്കു വെളിപ്പെടുത്തുന്ന ഒന്നായിരിക്കണം. അജപാലനതലങ്ങളിൽ ഉണ്ടാകുന്ന എല്ലാ ബുദ്ധിമുട്ടുകളും സഹനങ്ങളും ഈ ലക്ഷ്യം മുൻനിർത്തി സന്തോഷത്തോടെ നേരിടുവാൻ നമുക്കു കഴിയണം. അങ്ങനെ സ്ലീവായുടെ മഹത്ത്വത്തിൽ പങ്കുചേരുവാൻ നമുക്കും കഴിയട്ടെ!

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

**വാർത്തകൾ**

ഇന്ത്യയിലെ സൊദാലെസ് വൈദികരുടെ വാർഷികസമ്മേളനം 2013 ജൂലൈ 16 മുതൽ 18 വരെ, മാങ്ങാനം സ്പിരിച്ചാലിറ്റി സെന്ററിൽവച്ച് നടന്നു. 16-ാം തിയതി, "സീറോ മലബാർസഭയുടെ വിശ്വാസം: വിവിധ മാനങ്ങൾ" എന്ന പൊതുവിഷയത്തെ കേന്ദ്രീകരിച്ച് ഒരു വൈദിക കൺവൻഷൻ നടത്തി. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ മേജർ ഫാദറും സീറോ മലബാർസഭയുടെ മല്പാനുമായ പെരിയ ബഹു. മാത്യു വെള്ളാനിക്കലച്ചൻ "സീറോ മലബാർസഭ ഏറ്റുപറയുന്ന വിശ്വാസ"ത്തെക്കുറിച്ചും റവ. ഡോ. പോളി മണിയാട്ട് "സീറോ മലബാർസഭ ആഘോഷിക്കുന്ന വിശ്വാസ"ത്തെക്കുറിച്ചും റവ. ഡോ. ഡൊമിനിക് വെച്ചൂർ "സീറോ മലബാർസഭ ജീവിക്കുന്ന വിശ്വാസ"ത്തെക്കുറിച്ചും പ്രബന്ധങ്ങൾ അവതരിപ്പിച്ചു. കത്തോലിക്കാസഭയുടെ വിശ്വാസം ഏറ്റുപറയുന്നതിലും ആഘോഷിക്കുന്നതിലും ജീവിക്കുന്നതിലും, പൗരസ്ത്യസഭയെന്ന നിലയിൽ സീറോ മലബാർസഭയുടെ പ്രത്യേകതകൾ എന്താണെന്ന് പ്രബന്ധാവതാരകർ വ്യക്തമാക്കി.

വ്രതനവീകരണത്തിനൊരുക്കമായുള്ള സെനക്കിൾ വിചിന്തനങ്ങളും ധ്യാനവും 17-ാം തീയതി നടന്നു. 18-ാം തീയതി രാവിലെ പരി. കുർബാനമദ്ധ്യേ എല്ലാവരും വ്രതനവീകരണം നടത്തി, ഇൻസ്റ്റിറ്റ്യൂട്ടിലുള്ള പ്രതിബദ്ധത നവീകരിച്ചു. ബഹു. അബ്രാഹം വെട്ടുവയലിലച്ചൻ തന്റെ നിത്യവ്രതവാഗ്ദാനം നടത്തി പ്രതിബദ്ധത നവീകരിച്ചു. നാഷണൽ മേജർ ഫാദർ ബഹു. ജോസഫ് ചാലാശ്ശേരിയച്ചൻ പ്രമാണരേഖയുടെ വായനയ്ക്ക് നേതൃത്വം നല്കി.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.







മങ്ങാടൻ

**ദുഃഖത്തിന്റെ**

**1–ാം ദൈവരഹസ്യം**

ഗത്സമേനിൽ പ്രാർത്ഥനയിൽ
രക്തം വിയർത്ത കർത്താവേ
ജീവിതമാം ഗത്സമനിയിൽ
ഞങ്ങൾക്കും ബലമേകണമേ

**2–ാം ദൈവരഹസ്യം**

പീലാത്തോസിൻ ഭവനത്തിൽ
അടിപ്പിണരേറ്റ കർത്താവേ
സഹനത്തിൻ ബലിവേദികയിൽ
ഞങ്ങൾക്കും ബലമേകണമേ

**3–ാം ദൈവരഹസ്യം**

യൂദന്മാരുടെ ക്രൂരതയാൽ
മുൾമുടിയേറ്റ കർത്താവേ
പീഡനമേൽക്കും മക്കൾക്ക്
ബലമേകണമേ എന്നെന്നും

**4–ാം ദൈവരഹസ്യം**

ഭാരമേറും കുരിശുമരം
തോളിൽ വഹിച്ച കർത്താവേ
മരണകരമാം വേദനയിൽ
ആശ്വാസം നൽകീടണമേ


**5–ാം ദൈവരഹസ്യം**

വ്യാകുലമാതാവിൻ മുമ്പിൽ
മൂന്നാണികളാൽ കുരിശിന്മേൽ
ജീവൻ വെടിഞ്ഞ കർത്താവേ
ഞങ്ങളിൽ കൃപ വർഷിക്കണമേ

പരി. അമ്മേ മാതാവേ മക്കളായ ഞങ്ങൾ നിന്നെ വിളിച്ചപേക്ഷിക്കുന്നു. ദൈവത്തിന്റെ അമ്മേ ഞങ്ങൾക്ക് നിന്റെ കണ്ണുകളും സ്നേഹിക്കാനുള്ള നിന്റെ ഹൃദയവും സഹോദരങ്ങൾക്കുവേണ്ടി പ്രവർത്തിക്കാനുള്ള സന്മനസ്സും നൽകേണമേ. പരി. അമ്മയുടെ വിമല ഹൃദയമേ വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്കു നൽകണമേ.






# വഴി തെറ്റുന്നവർ

**ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**

ഭർത്താവിന്റെയും മകന്റെയും അരുതാക്കാഴ്ച കൾക്കു മുമ്പിലിരുന്ന് അവരിലുള്ള വിശ്വാസം ഏറ്റുപറഞ്ഞ് അവരെ പിന്തുണയ്ക്കേണ്ടിവന്ന ഒരു പാവം സ്ത്രീയുടെ ഹൃദയത്തിന്റെ പിടച്ചിൽ മനസിൽനിന്നു മായാത്തതുകൊണ്ടാണ് ഈ കുറിപ്പുകൾ. രാഷ്ട്രീയക്കളികളിൽ എതിരാളിയെ തറപറ്റിക്കാൻ ഏതറ്റംവരെയും പോകുന്നവരാണ് നമ്മളെന്ന് പണ്ടേ തെളിയിച്ചിട്ടുള്ളതാണ്. അങ്ങനെയുള്ള കുപ്രചരണങ്ങളുടെ സാധ്യതയുള്ളപ്പോൾത്തന്നെ അവിശ്വ സനീയമായ ചില തെറ്റുക്കാഴ്ചകൾ യാഥാർത്ഥ്യമാണെന്ന് വിശ്വസിക്കേണ്ട ഗതികേടിലാണ് മലയാളികൾ. ദൃശ്യമാധ്യ മങ്ങൾ സംപ്രേഷണം ചെയ്ത ചില ദൃശ്യങ്ങളും അതു മോർഫിങ് ആണെന്നുള്ള പ്രഥമ വാദവും തുടർന്നുള്ള മുങ്ങലും, പരാതിക്കാരി വിളിച്ചുകൊണ്ടുപോയി ചതിച്ചതാ ണെന്നുള്ള തുടർവാദവുമെല്ലാം പ്രതി തെറ്റിൽത്തന്നെയാ ണെന്ന ചിന്തയാണ് സാമാന്യജനത്തിനു നല്കുന്നത്. എന്നാൽ കേസും അതിന്റെ വാദപ്രതിവാദങ്ങളും അരങ്ങേറുമ്പോഴും നാം സൗകര്യപൂർവം മറന്നുകളഞ്ഞ മറ്റൊരു യാഥാർത്ഥ്യമുണ്ട്. മനുഷ്യബന്ധങ്ങളുടെയും കുടുംബത്തിന്റെയും അടിസ്ഥാന മായി നിലകൊള്ളുന്നത് വിശ്വസ്തത എന്ന മൂല്യമാണെന്ന യാഥാർത്ഥ്യം. ആ യാഥാർത്ഥ്യത്തിന്റെ നീറുന്ന സാക്ഷിയാണ് മുകളിൽ സൂചിപ്പിച്ച ആ പാവം സ്ത്രീ. തെളിവുകളുടെ അടിസ്ഥാനത്തിൽ തീർപ്പുകല്പ്പിക്കപ്പെടുന്ന കോടതിയിൽ വക്കീലന്മാരുടെ കഴിവനുസരിച്ച് വാദപ്രതി വാദങ്ങൾ നടക്കുകയും വിധിയുണ്ടാകുകയും ചെയ്യുമ്പോൾ ഒരുപക്ഷെ പലരും കുറ്റ വിമുക്തരാക്കപ്പെട്ടേക്കാം. എന്നാൽ, ജീവിത പങ്കാളിയോ മക്കളോ മാതാപിതാക്കളോ വിധികർത്താക്കളാകുന്ന സ്വന്തം കുടുംബ ക്കോടതിയിൽ വിശ്വസ്തതയില്ലായ്മക്കു വലിയ വില നല്കേണ്ടിവരികതന്നെ ചെയ്യും.

പണവും അധികാരവുമൊക്കെ ബന്ധ ങ്ങളേക്കാളും മൂല്യങ്ങളേക്കാളും ശക്തിയു ള്ളതാണെന്ന മിഥ്യാധാരണയിലാണിന്ന് സമൂഹം. അധികാരമുള്ളവരും സ്വാധീനമുള്ള വരുമൊക്കെ വിശ്വസ്തതയേക്കാൾ വശ്യത യ്ക്കും വിവേകത്തേക്കാൾ വികാരത്തിനും പ്രാധാന്യംകൊടുത്ത് വരുത്തിത്തീർക്കുന്ന അപചയങ്ങൾ മാധ്യമങ്ങളിൽ നിറയുമ്പോൾ സമൂഹത്തിന്റെ ആ ധാരണ കൂടുതൽ ഉറയ്ക്കുകയാണ്. സിനിമാ തിയേറ്ററിൽ പടം മാറുന്ന വേഗത്തിൽ ബന്ധങ്ങൾ മുറിച്ചു മാറ്റുന്ന താരങ്ങളും സമൂഹത്തിൽ സ്വാധീന ശേഷിയുള്ള എതിർസാക്ഷ്യം തന്നെ.

വിശ്വസ്തതയെന്ന പുണ്യം ഇല്ലാതാകു ന്നിടത്ത് കുടുംബത്തിന്റെയും ബന്ധങ്ങ ളുടെയും ആത്മാവ് നഷ്ടപ്പെടുകയാണ്. ജീവിതപങ്കാളിയോടും മക്കളോടും മരണം വരെ വിശ്വസ്തരായിരിക്കണമെന്നുള്ളത് മുത്തശ്ശിക്കഥയിലെ ഗുണപാഠമായി മാറരുത്. ജീവിതത്തിന്റെ ഓരോ ഇഴയിലും അത് കൊരുത്തു വയ്ക്കപ്പെടണം. പ്രത്യേകിച്ചും ആരുടേയും സ്വകാര്യമുറികൾപോലും നമ്മുടെയും കുഞ്ഞുങ്ങളുടെയും കൺമുമ്പി ലെത്തിക്കാൻമാത്രം മാധ്യമങ്ങൾ വളർന്നിരി ക്കുന്ന ഈ കാലഘട്ടത്തിൽ അതു കൂടുതൽ അനിവാര്യമാണ്. അതല്ലെങ്കിൽ വരുംതലമുറ വളർന്നെത്തി നില്ക്കുന്നത് അവിശ്വസ്തത യുടെയും അശുദ്ധിയുടെയും ചുടുകാട്ടിലാ യിരിക്കും.

അന്ത്യവിധിയേക്കുറിച്ച് വിചിന്തനം നടത്തുന്ന ഏലിയാ സ്ലീവാ മൂശക്കാലത്തിൽ ദൈവത്തോടും കൂടെയുള്ളവരോടും വിശ്വസ്തരായിരിക്കേണ്ടതിന്റെ പ്രാധാന്യം കൂടി ധ്യാനവിഷയമാക്കാൻ കഴിഞ്ഞെങ്കിലേ സമൂഹത്തെ ഗ്രസിച്ചിരിക്കുന്ന തിന്മകളിൽ നിന്ന് നമുക്ക് മുക്തി പ്രാപിക്കാൻ കഴിയൂ.



# Spirituality Centre Programme

## September

| | | |
|---|---|---|
| 21 | - | Recollection for Oblates |
| 21-22 | - | School of Bible |
| 24-25 | - | Cenacle Meeting, Family Day |

## October

| | | |
|---|---|---|
| 2 | - | Couple's Day |
| 7-10 | - | Camp - Christian Institute of Management, Chennai |
| 11-13 | - | Sunday School Camp, Puthuppally |
| 12 | - | Social Animator's Meeting |
| 15-16 | - | Cenacle Meeting - Sodales |
| 19 | - | Recollection for Oblates |
| 19-20 | - | School of Bible |
| 22-23 | - | Cenacle Aspirants' Meeting |

*സ്ക്കൂൾ ഓഫ് ബൈബിളിന്റെ* പുതിയ കോഴ്സ് സെപ്റ്റംബർ 21-22 തീയതികളിൽ മാങ്ങാനം സ്പിരിച്ച്വാലിറ്റി സെന്ററിൽ ആരംഭിക്കുന്നു. പുതിയ കോഴ്സ് പുതിയനിയമത്തിലെ വെളിപാടുപുസ്തകത്തിന്റെ വ്യാഖ്യാനത്തെ അധികരിച്ചുള്ളതാണ്. സഭാവിരുദ്ധഗ്രൂപ്പുകൾ വി. ഗ്രന്ഥത്തെ തെറ്റായി വ്യാഖ്യാനിച്ച് പലരെയും സഭാവിശ്വാസത്തിൽ നിന്നും വ്യതിചലിപ്പിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഈ കോഴ്സ് വളരെ പ്രാധാന്യമർഹിക്കുന്നു. എല്ലാ മാസത്തെയും 3-ാം ശനി, ഞായർ ദിവസങ്ങളിൽ നടത്തുന്ന ഈ കോഴ്സിലേക്ക് ഏവർക്കും സ്വാഗതം.

Contact No: 0481 2578192



# പ്രതീക്ഷയുടെ പൂമൊട്ടുകൾ

ഞങ്ങളുടെ കർത്താവായ ദൈവമേ, മിശിഹായുടെ മഹത്ത്വപൂർണ്ണമായ ആഗമനത്തെ കാത്തിരിക്കുന്ന ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. പ്രവാചകന്മാരുടെ പ്രതീക്ഷയും പഴയനിയമത്തിന്റെ പൂർത്തീകരണവുമായ മിശിഹായേ, ദൈവദൂതന്മാരാൽ പരിസേവിതനായി കുരിശടയാളത്തോടുകൂടെ വാനമേഘങ്ങളിൽ നീ പ്രത്യക്ഷനാകുമ്പോൾ വിശുദ്ധരോടൊന്നിച്ചു നിന്നെ എതിരേല്ക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ദൈവരാജ്യത്തിനുവേണ്ടി പീഡകളും ക്ലേശങ്ങളും അനുഭവിക്കേണ്ടിവരുമ്പോൾ നഷ്ടധൈര്യരാകാതെ വിശ്വാസജീവിതത്തിൽ ഉറച്ചുനില്ക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

(സീറോ മലബാർ കുർബാനക്രമത്തിൽനിന്ന്)

For private circulation only

പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്